# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി-6/892/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി-6/892/2022 തീയ്യതി: 21/07/2022

## കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-03-2021 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 20-03-2021 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 01-06-2022 | 08-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-06-2022 | 08-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.ഷഹീൻ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി നിഷ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി ധന്യ.എം,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ടി.വി ലക്ഷ്മി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.കെ.ദാമോദരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.ഷീജാമണി.കെ | സെക്രട്ടറി | 01-04-2020 | 17-06-2020 |
| ശ്രീമതി.ബിന്ദു.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-06-2020 | 28-06-2020 |
| ശ്രീ.പത്മനാഭൻ.കെ.വി | സെക്രട്ടറി | 29-06-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽകുമാർ.പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലക്ഷ്മി ആർ നാഥ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സന്തോഷ് മമ്മാലി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചെമ്പിലോട് സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി.അഷിത.സി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഇരിവേരി സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീലത | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 14-11-2020 |
| ശ്രീമതി.ഷീബ.സി.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 15-11-2020 | 31-03-2021 |
| ഡോ:മായ.കെ | മെഡിക്കൽ ഓഫീസർ,സി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ: ദീപാരാജ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 20-02-2021 |
| ഡോ: ജയകൃഷ്ണൻ.യു | മെഡിക്കൽ ഓഫീസർ,ആയുർവേദം | 21-02-2021 | 31-03-2021 |
| ഡോ: ഷൈനി.കെ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീ.ബാബുരാജ്.കെ.വി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീമതി.വാസന്തി.പി.എം | ഹെഡ് മാസ്റ്റർ | 01-06-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രീതി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.രജീഷ്.ടി .ആർ | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2020 | 31-03-2021 |

12-11-2020 മുതൽ 20-12-2020 വരെയുള്ള കാലയളവിലെ ഭരണനിർവഹണസമിതി അംഗങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു. 1.ശ്രീ പത്മനാഭൻ.കെ.വി,സെക്രട്ടറി 2.ശ്രീ സുനിൽകുമാർ.പി,അസിസ്റ്റന്റ് എൻജിനീയർ,തസ്വഭവ, 3.ശ്രീമതി ലക്ഷ്മി ആർ നാഥ്,കൃഷി ഓഫീസർ. 21-12-2020 തീയതീയിൽ പുതിയ ഭരണസമിതി നിലവിൽ വരികയും 30-12-2020 തീയതിയിൽ പുതിയ ഭരണസമിതിയുടെ പ്രസിഡണ്ട് ചുമതലയേൽക്കുയും ചെയ്തു.

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-1 |
| 2 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-1-1 |
| 3 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Shaheen.P (Asst. Audit Officer, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 20-07-2022) | 1-2 |
| 5 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ സംബന്ധിച്ച്.<br>Written By: Shaheen.P (Asst. Audit Officer, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-2-1 |
| 6 | ഐ.എൽ.ജി.എം.എസ്<br>Written By: Shaheen.P (Asst. Audit Officer, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-2-2 |
| 7 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 20-07-2022) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Dhanya M (Auditor, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 20-07-2022) | 1-6 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-നിർവ്വഹണത്തിലെ അപാകങ്ങൾ.<br>Written By: Dhanya M (Auditor, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-6-1 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: Dhanya M (Auditor, On 12-06-2022)<br>Last Updated By: Dhanya M (Auditor, On 12-06-2022) | 1-7 |
| 13 | ക്യാഷ് പരിശോധന<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Suresh Babu KV (Audit Officer, On 19-06-2022) | 1-8 |
| 14 | ക്യാഷ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ.<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-8-1 |
| 15 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Suresh Babu KV (Audit Officer, On 19-06-2022) | 1-10 |
| 17 | കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം | 1-11 |

| | | |
|---|---|---|
| | നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Dhanya M (Auditor, On 12-06-2022)<br>Last Updated By: Suresh Babu KV (Audit Officer, On 19-06-2022) | |
| 18 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ -സഞ്ചയയിൽ വിവരങ്ങൾ രേഖപ്പെടുത്തിയതിലെ അപാകം<br>Written By: Dhanya M (Auditor, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 20-07-2022) | 1-12 |
| 19 | തൊഴിൽനികുതി - ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ<br>Written By: Dhanya M (Auditor, On 11-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 20-07-2022) | 1-13 |
| 20 | വാടക- അപാകങ്ങൾ<br>Written By: Dhanya M (Auditor, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-14 |
| 21 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ചുമത്തുന്നതിലെ അപാകങ്ങൾ.<br>Written By: Dhanya M (Auditor, On 11-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-15 |
| 22 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിലെ കാലതാമസം. തനത് വരുമാനമിനത്തിൽ ലഭിക്കേണ്ട തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നു.<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-16 |
| 23 | തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് -പലിശയിനത്തിൽ വരുമാനനഷ്ടമുണ്ടാകുന്നു.<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-17 |
| 24 | ക്ഷാമബത്ത കുടിശ്ശികയുടെ പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കിയിട്ടില്ല<br>Written By: Shaheen.P (Asst. Audit Officer, On 12-06-2022)<br>Last Updated By: Shaheen.P (Asst. Audit Officer, On 12-06-2022) | 1-18 |
| 25 | കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-19 |
| 26 | ഫലവൃക്ഷതൈ വിതരണം രേഖകളിൽ സുതാര്യതയില്ല ₹132300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 20-07-2022) | 1-19-1 |
| 27 | മഞ്ഞൾ ഗ്രാമം പദ്ധതി രേഖകൾ ഹാജരാക്കിയിട്ടില്ല. 1,40,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 20-07-2022) | 1-19-2 |
| 28 | കരനെൽകൃഷി വികസനം രേഖകൾ ഹാജരാക്കിയിട്ടില്ല. 19,040 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-19-3 |
| 29 | സമഗ്ര നെൽകൃഷി വികസനം രേഖകൾ ഹാജരാക്കിയിട്ടില്ല. ₹3,08,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-19-4 |

| | | |
|---|---|---|
| 30 | തെങ്ങിന് വളപ്രയോഗം അപാകങ്ങൾ. ₹5372 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-19-5 |
| 31 | പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-20 |
| 32 | ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയത് - കരാറുകാരൻ ജിഎസ്.ടി അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 20-07-2022) | 1-21 |
| 33 | കരാറുകാരിൽ നിന്നുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ- പ്രവൃത്തി ഫയലിൽ സൂക്ഷിക്കുന്നതിലെ അപാകം.<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Suresh Babu KV (Audit Officer, On 19-06-2022) | 1-22 |
| 34 | പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 20-07-2022) | 1-23 |
| 35 | അസിസ്റ്റന്റ് എൻജിനീയറുടെ ക്യാഷ് ബുക്ക്- രേഖപ്പെടുത്തലുകളിലെ അപാകം.<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-24 |
| 36 | സമഗ്ര തുടർ വിദ്യാഭ്യാസ പദ്ധതി - രേഖകളുടെ അഭാവത്തിൽ ₹96300 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.<br>Written By: Nisha K (Senior Grade Auditor, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-25 |
| 37 | ഹെഡ് മാസ്റ്റർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല<br>Written By: Nisha K (Senior Grade Auditor, On 13-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 20-07-2022) | 1-26 |
| 38 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -അനുവദനീയമായതിലും അധികം തുക അനുവദിച്ചു<br>Written By: Nisha K (Senior Grade Auditor, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-27 |
| 39 | അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് തുകയിൽ നിന്നും ജിഎസ്ടി-ടിഡിഎസ് കുറവ് ചെയ്തിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-28 |
| 40 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം<br>Written By: Nisha K (Senior Grade Auditor, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 12-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Suresh Babu KV (Audit Officer, On 19-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Suresh Babu KV (Audit Officer, On 19-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Suresh Babu KV (Audit Officer, On 19-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Suresh Babu KV (Audit Officer, On 19-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Suresh Babu KV (Audit Officer, On 19-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Suresh Babu KV (Audit Officer, On 19-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Suresh Babu KV (Audit Officer, On 19-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 20-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT REPORT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 22-02-2020 തീയതിയിലെ യോഗത്തിലെ 11/2020നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 06-03-2020 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനംനമ്പർ-67/2020) 26-03-2020 തീയതിയിൽ രാവിലെ ചേർന്ന ഭരണസമിതി പ്രത്യേകയോഗത്തിൽ (തീരുമാനം നമ്പർ-82(1)/2020) അംഗീകരിക്കുകയുമുണ്ടായി. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 08-02-2021തീയതിയിലെ യോഗത്തിലെ 19/2021 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ 2020-21 വർഷത്തെ പരിഷ്കരിച്ച ബജറ്റ് ഭരണസമിതിയുടെ 12-02-2021 തീയതിയിലെ 75/21(2) തീരുമാനപ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 15603024 | 30504232 |
| വരവ് | 289529200 | 221662654 |
| ആകെ | 305132224 | 252166886 |
| ചെലവ് | 299764100 | 233666886 |
| നീക്കിയിരിപ്പ് | 5368124 | 18500000 |

### 1-1-1 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-21 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിനായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 08.12.2021 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.11.2021 തീയതിയിലെ 401/2021 നമ്പർ തീരുമാന പ്രകാരമാണ് 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ സംബന്ധിച്ച്.

ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1- Code-450210101 കനറ ബാങ്ക് 31-03-2021 ലെ റീക്കൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പായി 19322766 രൂപയാണ് കാണിച്ചത് എന്നാൽ യാഥാർത്ഥ നീക്കിയിരിപ്പ് 19324816 വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

2- ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക (B-4Schedule) | ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 1 | മഹാത്മഗാന്ധി ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി | 1,001 | 333825 |

3- മഹാത്മഗാന്ധി ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ തനത് ഫണ്ടിൽ തിരികെ ലഭിക്കാനുള്ള 166291 രൂപയിൽ 110181 രൂപ അഡ്വാൻസ് ടു അദർ എന്ന ശീർഷകത്തിലാണ് കാണിച്ചത്.

4- ഗ്രാമപഞ്ചായത്തിലെ ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക അദർ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് എന്ന ശീർഷകത്തിലാണ് ചെലവ് കാണിച്ചത്.

5. ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ഡിപ്രീസിയേഷൻ ഷെഡ്യൂൾ ഉൾപ്പെടുന്നില്ല.

6- ബി -1 ഷെഡ്യൂൾ പഞ്ചായത്ത് ഫണ്ട് ജനറൽ - മുൻവർഷ നീക്കിയിരിപ്പിന്റെ (2019-20) കൂടെ 66188616 തൻവർഷ സർപ്ലസ് (2020-21) 25,232,898 കൂട്ടിയാൽ ലഭിക്കുന്നത തുക 91421514 രൂപയാണ്. എന്നാൽ തൻവർഷ പഞ്ചായത്ത് ജനറൽ ഫണ്ട് 96642959 രൂപയാണ് വാർഷിക കണക്കിൽ ഉള്ളത് 5431445 രൂപയുടെ വ്യത്യാസത്തിന് കാരണം അറിയിക്കേണ്ടതാണ്.

7-ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി യഥാർത്ഥ ഭരണചെലവ് 847469 രൂപയാണ്. എന്നാൽ I-14 (F) ഷെഡ്യൂൾ പ്രകാരം കാണിച്ചത് 371655 രൂപ മാത്രമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

8- ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.

9- വിവിധ ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

## 1-2-2 ഐ.എൽ.ജി.എം.എസ്

പഞ്ചായത്തുകളിൽ വിവിധ സോഫ്റ്റ് വെയറുകളിലൂടെ ചെയ്തിരുന്ന ഭരണ നിരവഹണ പ്രക്രീയകളും സേവനങ്ങളും ഒറ്റ പ്ലാറ്റ്ഫോമിൽ ചെയ്യാൻ സാധിക്കുന്നതിനായി ഉദ്ദേശിച്ച് ആരംഭിച്ച ILGMS സംവിധാനം ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ 05-10-2020 മുതലാണ് നിലവിൽ വന്നത്. ILGMS സംവിധാനത്തിൽ പൊതുജനങ്ങൾക്ക് ഫ്രണ്ട് ഓഫീസിൽ നേരിട്ട് വരാതെ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാനും ഓൺലൈൻ ആയി ഫീസ് ഒടുക്കി വിവിധ സർട്ടിഫിക്കറ്റുകൾ പ്രിന്റെടുക്കാൻ സാധിക്കുന്നു. ഓൺലൈൻ സേവനം ലഭ്യമാകുന്നതോടെ പഞ്ചായത്ത് ഓഫീസിലെ തിരക്ക് കുറക്കാൻ സാധിക്കുന്നു. ILGMS ൽ ഫയൽ നോട്ടുകൾ ടെംപ്ലേറ്റ് ആയി സെറ്റ് ചെയ്തിട്ടുള്ളതിനാൽ ജീവനക്കാരുടെ ജോലിഭാരം കുറയുന്നു. ഓൺലൈൻ സംവിധാനമായതിനാൽ ജീവനക്കാർക്ക് അവധി ദിവസങ്ങളിൽ വീട്ടിലിരുന്നും ജോലി ചെയ്യാൻ സാധിക്കുന്നു. പൗരാവകാശഖ/സേവനാവകാശ നിയമം എന്നിവയിൽ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാനും, ഫയൽ തീർപ്പാക്കുന്നതിൽ ഏത് സ്റ്റേജിലാണ് കാലതാമസം നേരിടുന്നത് എന്നും മനസിലാക്കാൻ സാധിക്കുന്നു. എങ്കിലും പഞ്ചായത്തിൽ ഉപയാഗിക്കപെടുന്ന മുഴുവൻ സോഫ്റ്റ് വേയറുകളും ILGMS മായി ഇന്റഗ്രേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ഇതിന്റെ ഫലപ്രാപ്തി പൂർണ്ണ തോതിൽ ലഭ്യമായിട്ടില്ല.

ILGMS സംവിധാനം പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1- 04 -10-2020 ലെ സാംഖ്യയിലെ നീക്കിയിരിപ്പിൽ നിന്നും 05-10-2020 ലെ ILGMS ലെ മുന്നിരിപ്പിലേക്ക് വരുമ്പോൾ മൊത്തത്തിലുള്ള ആസ്തി ബാധ്യതകളിൽ മാറ്റമില്ലെങ്കിലും താഴെ പറയുന്ന ശീർഷകങ്ങളിൽ വ്യത്യാസം കാണുന്നുണ്ട്.

| ക്രമ നമ്പർ | ഷെഡ്യൂൾ (സാംഖ്യ | കോഡ് (സാംഖ്യ) | ഇനം | സാംഖ്യ പ്രകാരമുള്ള തുക | ILGMS പ്രകാരമുള്ള തുക | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | B-1 | 310900101 | Excess Of Income Over Expenditure | 85327972.15 | 85327968.15 | വ്യത്യാസം 320100152 Other Schemes ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2 | B-4 | 320100152 | Other Schemes | 0 | 4 | |
| 3 | B-4 | 350200301 | Recoveries Payable Covid | 646660 | 0 | Other Liability B-9 Shedule ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 350200119 |
| 4 | B-11 | 410800101 | Other Fixed Asset | 234641 | 13771807 | 410300399 Other Constructions, 12085214 410710199Movable Assets Others 1451952 410800101Other Fixed Assets 234641 |
| 5 | B-11(e) | 415110201 | Footpaths | 0 | 671891 | 410300201 Lanes Concrete 575779 410300204 Lanes Earthen 96112 |

2- A-04-10-2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം റോഡ് സിമന്റ് കോൺക്രീറ്റ് (B-11 Code 410300101 ) 92,87,985 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത ശീർഷകം ILGMS ൽ ഇല്ലാത്തതിനാൽ (B -11 (E) Code 415110002) Road - Metalled Road എന്ന ശീർഷകത്തിലാണ് ചേർത്തത്.

B-04-10-2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം ബിൽഡിംഗ് - അദേഴ്സ് (B-11 Code 410200199 ) 17964818രൂപയുണ്ട്. എന്നാൽ പ്രസ്തുത ശീർഷകം ILGMS ൽ ഇല്ലാത്തതിനാൽ (B -11 (E) Code 415120102) Other Buildings - New Building എന്ന ശീർഷകത്തിലാണ് ചേർത്തത്.

C-സാംഖ്യയിൽ 04-10-2020 ലെ (B-11 Code 410300201 ) Lane Cement Concrete, (B-11 Code 410300204 ) Lane Earthen എന്നീശീർഷകത്തിൽ നീക്കിയിരിപ്പ് തുക ILGMS ൽ Footpath ശീർഷകത്തിലാണ് കാണിച്ചത്.

D- ILGMS ൽ പുതുതായി ഉൾപ്പെടുത്തിയതും, ഒഴിവാക്കിയതുമായ ശീർഷകങ്ങൾ പരിഗണിക്കാതെ സാംഖ്യയിൽ Accumulated Depreciation എന്ന ഷെഡ്യൂളിൽ 04-10-2020 ലെ നീക്കിയിരിപ്പ് തുക മാറ്റം വരുത്താതെ ILGMS ൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്. ഇത് കാരണം ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിൽ അപാകതയുണ്ട്. ഉദാഹരണമായി B-11 (E) Shedule Annual Plan Capital Expenses ( Infrastructure Sector ) എന്ന ഷെഡ്യൂളിൽ Foot Path (Code No. 415110201) എന്ന ഇനത്തിൽ 671891 രൂപ ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ B-11 (A) Accumulated Depreciation എന്ന ഷെഡ്യൂളിൽ Foot Path ന്റെ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

3- 05-10-2020 ൽ ILGMS ആരംഭിച്ച ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ PDE ആയാണ് ഡാറ്റകൾ ഉൾപ്പെടുത്തിയത്.

4- 01-04-2020 മുതൽ 04-10-2020 വരെയുള്ള ഇൻകം ആന്റ് എക്സ്പെൻറ്റീച്ചർ സ്റ്റേറ്റമെന്റ് , റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ സാഖ്യയിലെ നീക്കിയിരിപ്പ് ILGMS ലെ (05-10-2020) തീയതിയിലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നുണ്ട്.

5- സാംഖ്യ, സുചിക, സേവന (സിവിൽ രജിസ്ട്രേഷൻ മാത്രം) എന്നിവ മാത്രമാണ് ILGMS പോർട്ട് ചെയ്തിട്ടുള്ളത്.

6- ILGMS ഓൺലൈനായ 05-10-2020 മുതലുള്ള റവന്യൂ ചെലവുകൾ ഇൻകം ആന്റ് എക്സ്പെൻറ്റിച്ചർ സ്റ്റേറ്റ്മെന്റിലാണ് ഉൾപ്പെട്ടിട്ടുള്ളത്. അക്രൂവൽ ചെയ്ത ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ 350109999 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

7- മാന്വൽ രശീതുകളുടെ സ്റ്റോക്ക് ILGMS ൽ ലഭ്യമല്ല. ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

8-Out Door Collection Posting നടത്തുന്നുണ്ട്. ILGMS ൽ ഡിമാന്റ് രജിസ്റ്ററുകൾ ലഭ്യമല്ല. ഡിമാന്റ് രജിസ്റ്ററുകൾ

ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

9-ദിവസേനയുള്ള കലക്ഷൻ തുക ബാങ്കിൽ ഒടുക്കുന്നുണ്ടെന്ന് പരിശോധിക്കാൻ നിലവിൽ ILGMS ൽ ബാങ്ക് സ്റ്റേറ്റമെന്റ് ലഭ്യമല്ല. ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

10- ILGMS ൽ രശീതുകൾ ഫയലിലൂടെയും, ഫയൽ ഇല്ലാതെ നേരിട്ടും സ്വീകരിക്കുന്നതിന് സംവിധാനം ഉണ്ട്. ഫയൽ വഴി രശീത് സ്വീകരിക്കുന്നത് കൂടുതൽ സുതാര്യമാണ്. പരിശോധനക്ക് ആവശ്യമായ അനുബന്ധ രേഖകൾ ലഭ്യമാകുന്നത് ഫയൽ വഴി രശീത് സ്വീകരിക്കുമ്പോൾ മാത്രമാണ്.

11- ചെക്ക് വഴിയുള്ള കലക്ഷൻ തുക ബാങ്കിൽ ഒടുക്കുന്നുണ്ടെന്ന് പരിശോധിക്കാൻ ആവശ്യമായ ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റമെന്റ് എന്നിവ ILGMS ൽ ഉൾപ്പെടുത്താവുന്നതാണ്.

12- എല്ലാ ചെലവുകളും ചെലവ് ചെയ്യുന്ന ക്രമത്തിൽ നമ്പർചെയ്ത് രേഖപ്പെടുത്തി ജനറേറ്റ് ചെയ്യുന്ന രീതിയിൽ ഒരു രജിസ്റ്റർ ILGMS ൽ ലഭ്യമാക്കാനും ആയതിന്റെ അനുബന്ധ രേഖകൾ മുഴുവനായും പ്രസ്തുത വൗച്ചറിൽ ലഭ്യമാകുന്ന രീതിയിൽ ലിങ്ക് ചെയ്യാവുന്നതാണ്.

13- ILGMS ൽ താഴെ പറയുന്ന രജിസ്റ്ററുകൾ ഉൾപ്പെടുത്താവുന്നതാണ്.

രശീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ, വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ , ആസ്തി രജിസ്റ്റർ, ഡപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ബിൽ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ചെക്ക് അന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ.

14- പേയ്മെന്റുമായി ബന്ധപ്പെട്ട വൗച്ചറുകൾ സംബന്ധിച്ച് ILGMS ൽ സെർച്ച് ഓപ്ഷൻ ലഭ്യമല്ലാത്തതിനാൽ ഒരു പ്രത്യേക ചെലവ് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് വിഷമം നേരിടുന്നുണ്ട്. ILGMS ൽ സെർച്ച് ഓപ്ഷൻ ലഭ്യമാക്കേണ്ടതും അനുബന്ധ രേഖകൾ ലിങ്ക് ചെയ്യേണ്ടതുമാണ്.

15- വരവും ചെലവും പരിശോധിക്കുന്നതിന് ആവശ്യമായ നിലവിൽ ലഭ്യമായിട്ടുള്ള എല്ലാ രജിസ്റ്ററുകളും

രേഖകളും പി ഡി എഫ് ഫോർമാറ്റിൽ ഓഡിറ്റേഴ്സ് ലോഗിനിൽ ലഭ്യമാക്കേണ്ടതാണ്.

16-ഓഫീസ് ഓഡറിന് അനുസൃതമായി ILGMS ൽ പ്രിവിലേജുകൾ കൃത്യമായി സെറ്റ് ചെയ്തിട്ടുണ്ട്.

17- 2193 മൈനർ ഫംഗ്ഷനുകളിൽ 2101 മൈനർ ഫംഗ്ഷനുകൾ മാപ്പ് ചെയ്തിട്ടുണ്ട്.

18- മാന്വൽ രശിത് കാൻസൽ ചെയ്യുമ്പോൾ കാൻസൽ ചെയ്യുന്ന രശീത് സൂക്ഷിക്കുന്നതിനാൽ സുതാര്യതയുണ്ട്. എന്നാൽ ഈ സംവിധാനം ILGMS ൽ ഇല്ല. രശീത് കാൻസലേഷൻ പ്രക്രിയയിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

19- തപാൽ രജിസ്റ്റർ ചെയ്ത് ഡിസ്പോസിബൾ ചെയ്തത് വരെയുള്ള വർക്ക് ഫ്ലോ പരിശോധിച്ചു.

20- ILGMS ൽ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമല്ല. ഇത് കാരണം റീക്കൺസിലിയേഷൻ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കാവുന്നതാണ്.

21-ബജറ്റ് പ്രൊവിഷന് അനുസരിച്ചാണ് ചെലവ് ചെയ്യുന്നത് എന്ന് ഉറപ്പാക്കുന്നതിനാവിശ്യമായ സംവിധാനങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

22- ഈ പേയ്മെന്റ് മുഖേന ഒടുക്കുന്ന മുഴുവൻ തുകകളും പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം ILGMS ൽ ഏർപ്പെടുത്താവുന്നതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 41822544.95 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 84002385 |
| ആകെ | 125824929.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82049378 |
| നീക്കിയിരിപ്പ് | 43775551.95 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 701012 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15021000 | 15021000 | 15021000 | 0 | 100% |
| വികസനഫണ്ട് എസ്.സി. പി | 0 | 1309500 | 1309500 | 1237965 | 71535 | 94.5% |
| വികസനഫണ്ട് ടി. എസ്. പി | 0 | 116000 | 116000 | 116000 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 13251000 | 13251000 | 13195634 | 55366 | 99.6% |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4926000 | 4926000 | 3005707 | 1920293 | 61% |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് ബേസിക് | 0 | 13156676 | 13156676 | 6255601 | 6901075 | 46.2% |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് ടൈഡ് | 0 | 5850000 | 5850000 | 2521729 | 3328271 | 43.11% |
| തൊഴിലില്ലായ്മ വേതനം | 0 | 1440 | 1440 | 1440 | 0 | |
| നെൽകൃഷി ഉൽപാദന ബോണസ് | 0 | 12000 | 12000 | 12000 | 0 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 427627 | 17049513 | 17477140 | 17143315 | 333825 | |
| ടി എസ് സി | 1008276 | 21622 | 1029898 | 217548 | 812350 | |
| വിമുക്തി | 28362 | 0 | 28362 | 0 | 28362 | |
| ബഡ്സ് സ്കൂൾ | 12,50,000 | 0 | 12,50,000 | 0 | 12,50,000 | |

| | | | | | | |
|---|---|---|---|---|---|---|
| റർബൻ | 1291096 | 15253 | 1306349 | 1306345 | 4 | |
| പെർഫോമെൻസ് ബേസ്ഡ് ഇൻസെന്റീവ് | 233011 | 2985304 | 3218315 | 2070115 | 1148200 | |
| എം.പി ഫണ്ട് | 6612 | 191 | 6803 | 596 | 6207 | |
| ഐ.സി.ഡി.എസ് | 21398 | 1329227 | 1350625 | 1145564 | 205061 | |
| കുടുംബശ്രീ ചാലഞ്ച് ഫണ്ട് | 0 | 596196 | 596196 | 596196 | 0 | |
| കില ട്രെയിനിംഗ് | 0 | 13080 | 13080 | 13080 | 0 | |
| ഇലക്ഷൻ | 0 | 57,000 | 57,000 | 57,000 | 0 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 203 | 96308251 | 142 | 59297279 | 31 | 111 | 61 | 54.68 |

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖാന്തിരം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 9 | 4578214 | 3639866 | 79.50 |
| വെറ്റിനറി സർജൻ | 12 | 9 | 4324750 | 2510000 | 58.04 |
| മെഡിക്കൽ ഓഫീസർ-സിഎച്ച്സി | 5 | 3 | 1993674 | 928122 | 46.55 |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 3 | 3 | 970904 | 850408 | 87.59 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 984000 | 240852 | 24.48 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25 | 23 | 14566377 | 9820114 | 67.42 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 6 | 7748665 | 6914960 | 89.24 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 500000 | 500000 | 100 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 25 | 15 | 6152216 | 3841375 | 55.53 |
| ഹെഡ്മാസ്റ്റർ, ഗവ.യു.പി. സ്കൂൾ | 6 | 4 | 831953 | 293253 | 35.25 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 96 | 61 | 51703498 | 28712361 | 55.53 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 9 | 7 | 1954000 | 1045968 | 53.53 |

| | | | | | |
|---|---|---|---|---|---|
| ആകെ | 203 | 142 | 96308251 | 59297279 | 61.57 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 427627 | 753667 | 1181294 | 847469 | 333825 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16295846 | 16295846 | 16295846 | |
| ആകെ | 427627 | 17049513 | 17477140 | 17143315 | 333825 |

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-നിർവ്വഹണത്തിലെ അപാകങ്ങൾ.

31.03.12 ലെ സ ഉ (കൈ) 93/2012/തസ്വഭവ ഉത്തരവു പ്രകാരമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവ്യത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് 15.12.17 ലെ സ ഉ (കൈ)നം 254/17/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റീരിയൽ സപ്ലൈ കരാറുകാർക്ക് തുക നൽകുന്ന ത് ക്രമപ്രകാരമല്ല .

2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്ന് 2% തുക ജി എസ് ടി ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി എസ് ടി വകുപ്പിൽ ഒടുക്ക് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ ഇ ജി എസ് - സി /16/ആർ ഇ ജി എസ് നമ്പർ സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തിക ഇടപാടുകൾ ഓൺലൈനായി നടത്തുന്ന എം ഐ എസി ൽ ജി എസ് റ്റി ഉറവിടത്തിൽ തന്നെ കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/ സപ്ലൈയർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തിയാണ് ബിൽ തുക അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ 2,50,000/-രൂപയോ അതിന് മുകളിലോ വരുന്ന പ്രവ്യത്തികൾക്ക് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം വെണ്ടർ/സപ്ലൈയർമാരിൽ നിന്ന് അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെയാണ് ബിൽ തുക അനുവദിച്ചത്.

2.സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടുന്നില്ല .സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് വരുമാനനഷ്ടം .

കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 1-4-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപയ്ക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/- രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ പ്രവൃത്തികളിലെ രണ്ട് ലക്ഷത്തിൽ രൂപയിലധികമുള്ള എല്ലാ കരാറുകളും 200/ രൂപയുടെ മുദ്രപത്രത്തിലാണ് ചമച്ചിട്ടുള്ളത്. സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടാതിരുന്നത് മൂലം സംസ്ഥാനസർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ട തുകയിൽ നഷ്ടമുണ്ടായിട്ടുണ്ട്. സംസ്ഥാനസർക്കാരിനുണ്ടായ നഷ്ടം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

3.മെറ്റീരിയൽ പ്രവൃത്തികളുടെ ടെണ്ടർ -ടെണ്ടർ ഫോറം വില ഈടാക്കിയതിലെ കുറവ് .

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ സ ഉ (കൈ) നമ്പർ 93/12/തസ്വഭവ തീയതി 31.03.2012 (പേജ് 9) ൽ ദർഘാസ് പ്രമാണങ്ങളുടെ വില സംബന്ധിച്ച് 01.12.2008 ലെ ജി.ഒ(പി)നമ്പർ 540/2008/ ഫിൻ ഉത്തരവിന് അനുസൃതമായി 50000രൂപ മുതൽ 1000000രൂപ വരെയുള്ള വാങ്ങലുകൾക്ക് സാധന സാമഗ്രികളുടെ മൂല്യത്തിന്റെ 0.2%(100ന്റെ ഗുണിതങ്ങളിൽ), ചുരുങ്ങിയത് 400രൂപ + ജി എസ് ടി ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വാങ്ങിയ കരാറുകാരിൽ നിന്നും 200+ 12% ജി എസ് ടി നിരക്കിൽ മാത്രമാണ് ടെണ്ടർ ഫോറം വില ഈടാക്കിയിട്ടുള്ളത്. ടെണ്ടർ ഫോറം വില കുറഞ്ഞ നിരക്കിൽ വാങ്ങിയതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന്

നഷ്ടമുണ്ടായിട്ടുണ്ട്.

4)സാധനസാമഗ്രികളുടെ കൈമാറ്റം -രേഖകൾ സൂക്ഷിക്കുന്നില്ല .

സാധനസാമഗ്രികൾ വിതരണത്തിന് കരാർ എടുത്തവർ പ്രവർത്തി സ്ഥലങ്ങളിൽ സാധനങ്ങൾ ഇറക്കേണ്ടതും തൊഴിലുറപ്പ് അസി.എഞ്ചിനീയർ അവ കൈപ്പറ്റേണ്ടതുമാണ്. തുടർന്ന് ഇവ അതാത് തൊഴിലുറപ്പ് മെയ്റ്റുമാർക്ക് കൈമാറേണ്ടതും അവർ മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ അനുബന്ധം 6 പ്രകാരമുള്ള ഫോറത്തിൽ സ്റ്റോക്ക് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഏതൊക്കെ സാധനങ്ങൾ എത്രയൊക്കെ അളവിൽ ലഭ്യമായെന്ന് കാണിക്കുന്ന രേഖകൾ (സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവുകൾ രേഖപ്പെടുത്തിയിട്ടില്ല) ഫയലിൽ ലഭ്യമല്ല. ഇക്കാരണത്താൽ ആവശ്യമായ അളവിൽ സാധനങ്ങൾ ലഭ്യമായിട്ടുണ്ടെന്നും അവ കൃത്യമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഉപയോഗിച്ചിട്ടുണ്ടെന്നും പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

5)റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ -എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല .

മഹാത്മഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ മെറ്റീരിയൽ പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്.പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഭൂരിഭാഗവും തയ്യാറാക്കിയത് റോഡ് ചെയിനേജ് രേഖപ്പെടുത്താതെയാണ്.ഇതേ റോഡുകളിൽ തന്നെ മറ്റ് ഫണ്ടുകൾ പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാൽ റോഡ് ചെയിനേജ് എസ്റ്റിമേറ്റിൽ ഉൾപ്പെടെ രേഖപ്പെടുത്തേണ്ടത് അനിവാര്യമാണ്.ഇക്കാര്യം ഉചിതമായ നടപടികൾക്കായി ഗ്രാമപഞ്ചായത്ത് ഭരണസസമിതിയുടെ പ്രത്യേകശ്രദ്ധയിൽപ്പെടുത്തുന്നു.

6)മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസ്സാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല .

മെറ്റീരിയൽ തുക അനുവദിക്കുന്നതിന് മുൻപ് ഉത്തരവാദപ്പെട്ട ഉദ്യോസ്ഥർ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് തുക പാസ്സാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസ്സാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല. മെറ്റിരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്തി പാസ്സാക്കിയ ശേഷം മാത്രം ബില്ലുകൾ അനുവദിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7)വിജിലൻസ് & മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ലഭിക്കാതെ തുക അനുവദിക്കുന്നതായും കാണുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

2020-21വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2020-21 | തൊഴിൽ രഹിത വേതനം | 1440 | 2 |
| | കർഷകതൊഴിലാളി പെൻഷൻ | 10417600 | 151 |
| | വിധവാ പെൻഷൻ | 30185800 | 729 |
| | വാർദ്ധക്യകാല പെൻഷൻ | 21838700 | 1388 |
| | വികലാംഗ പെൻഷൻ | 8196400 | 223 |
| | വിവാഹ ധനസഹായം | 4,80,000 | 16 |
| | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5918200 | 143 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.06.2022 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2222രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-8-1 ക്യാഷ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ.

ക്യാഷ് ബുക്ക് പ്രകാരം 07.06.2022 തീയതിയിൽ 2977178 രൂപ നെഗറ്റീവ് ബാലൻസ് ഉണ്ട്. 2021-22സാമ്പത്തികവർഷത്തിൽ ഇ ബിൽ ജനറേറ്റ് ചെയ്തപ്പോൾ 16-06-2021 തീയതിയിൽ 1967036/-രൂപയും 14-09-2021 തീയതിയിൽ 958148/-രൂപയും അധികചെലവായി അക്കൗണ്ട് ചെയ്യപ്പെട്ടതിനാലും 31-03-2022 തീയതിയിലെ 87660/-രൂപ ഇന്ററപ്റ്റഡ് രസീത് ആയി വരവ് വെക്കുവാൻ സാധിക്കാതെ വന്നതിനാലുമാണ് വ്യത്യാസമുണ്ടായതെന്നും ഇത് ക്രമീകരിക്കുന്നതിനായി ഐ എൽ ജി എം എസിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.22/2020-21തീയതി 07-06-2022) ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി. ക്യാഷ് ബുക്കിലെ മേൽസൂചിപ്പിച്ച അപാകങ്ങൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടനിർമ്മാണം /വിപുലീകരണം നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി വസ്തുനികുതി ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനുമതിയില്ലാത്ത് നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട്ചെയ്യുന്നതിന് സാധിക്കാത്തത് പരിശോധന നടത്തുന്നതിലെ കാര്യക്ഷമതയില്ലായ്മ കാരണമാണെന്ന് വ്യക്തമാണ്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ് ഇനങ്ങളിൽ വരുമാനവർദ്ധനവിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.റർബൻ മിഷനിലൂടെ ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്.മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഉൾപ്പെടുത്തേണ്ടതുമാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഇ)റർബൻ മിഷൻ വഴി ഗ്രാമമപഞ്ചായത്തിന് അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (മാർച്ച് 2022) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2019 ഒക്ടോബർ മാസം മുതലുള്ള 16 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്.അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്.

## 1-11 കൂട്ടിചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2020-21 കാലയളവിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ചേർത്ത വിവരങ്ങൾ പ്രകാരം 38 കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പണി പൂർത്തിയായി വസ്തുനികുതി പുനർനിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം പരിമിതമാണ്(ഓഡിറ്റ് വർഷം 4 കെട്ടിടങ്ങൾ ).

മുൻവർഷങ്ങളിൽ കൂട്ടിചേർക്കലുകൾക്ക് അനുമതി നൽകിയിട്ടുള്ളതും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടുള്ളതുമായ കെട്ടിടങ്ങളെ ഫീൽഡ് തല പരിശോധന നടത്തി കണ്ടെത്തി അവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 1-12 പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ -സഞ്ചയയിൽ വിവരങ്ങൾ രേഖപ്പെടുത്തിയതിലെ അപാകം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ഖണ്ഡിക 24(3) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുമ്പോൾ ആ അർദ്ധവർഷത്തെ വസ്തുനികുതി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനായിരിക്കും. 2020-21 വർഷം ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ള പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കലിനായുള്ള അപേക്ഷകളിൽ അപേക്ഷ ലഭിച്ച അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ ആ വർഷം തന്നെ Demolished ആയി രേഖപ്പെടുത്തിയതിനാൽ ഡിമാന്റ് 0 ആകുകയും കളക്ഷൻ തുക അധികം തുകയായാണ് സഞ്ചയ പ്രകാരം ലഭിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | അപേക്ഷാ തീയതി | സഞ്ചയയിൽ Demolished ആയി രേഖപ്പെടുത്തിയ കാലയളവ് | റിമാർക്സ് |
|---|---|---|---|---|
| 4/370 | എ പി ബാലകൃഷ്ണൻ | 21.12.2020 | 2020-21 മുതൽ | 2020-21 വർഷത്തെ നികുതിയായ 242 രൂപ ഈടാക്കിയിട്ടുണ്ട്. സഞ്ചയയിൽ അത് നികുതി കഴിച്ച് അധിക തുകയായാണ് കാണിക്കുന്നത് |
| 4/371 | എ പി ബാലകൃഷ്ണൻ | 21.12.2020 | 2020-21 മുതൽ | 2020-21 വർഷത്തെ നികുതിയായ 242 രൂപ ഈടാക്കിയിട്ടുണ്ട്. സഞ്ചയയിൽ അത് നികുതി കഴിച്ച് അധിക തുകയായാണ് കാണിക്കുന്നത് |

| | | | | |
|---|---|---|---|---|
| 4/372 | എ പി ബാലകൃഷ്ണൻ | 21.12.2020 | 2020-21 മുതൽ | 2020-21 വർഷത്തെ നികുതിയായ 242 രൂപ ഈടാക്കിയിട്ടുണ്ട്. സഞ്ചയയിൽ അത് നികുതി കഴിച്ച് അധിക തുകയായാണ് കാണിക്കുന്നത് |
| 4/373 | എ പി ബാലകൃഷ്ണൻ | 21.12.2020 | 2020-21 മുതൽ | 2020-21 വർഷത്തെ നികുതിയായ 276 രൂപ ഈടാക്കിയിട്ടുണ്ട്. സഞ്ചയയിൽ അത് നികുതി കഴിച്ച് അധിക തുകയായാണ് കാണിക്കുന്നത് |

അടുത്ത അർദ്ധവർഷത്തിൽ നികുതി ഒഴിവാക്കേണ്ട കെട്ടിടങ്ങൾക്ക് അപേക്ഷ ലഭിച്ച വർഷം തന്നെ സഞ്ചയയിൽ നികുതി ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/08.06.2022) സഞ്ചയയിൽ തൻവർഷം തന്നെ ഡാറ്റാ എൻട്രി നടത്തി അപ്രൂവ് ചെയ്യുതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽനികുതി - ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ,കലയിലോ,ജോലിയിലോ,ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഓഡിറ്റ് വർഷം തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2018-19 വർഷം ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ 906460 രൂപയും ട്രേഡേഴ്സ്/സ്ഥാപനതൊഴിൽനികുതി ഇനത്തിൽ 9600 രൂപയും കുടിശ്ശിക ഉണ്ട്. ആയത് 2020-21 വർഷം ഈടാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(4/06.06.2022) മറുപടിയായി മേൽ തുക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മേൽ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. 2020-21 വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസെടുത്തിട്ടുള്ള താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|
| 1 | എം എം ഹാർഡ് വെയർ | 4 |
| 2 | നാഷണൽ പൈപ്പ്സ് | 4 |
| 3 | ദിനേശ് അപ്പാരൽ യൂണിറ്റ് | 100 |

| | | |
|---|---|---|
| 4 | ഹോട്ടൽ ബ്രോഡ് ബീൻ(റസ്റ്റോറന്റ് , ലോഡ്ജിംഗ്) | 12 |
| 5 | ഹോട്ടൽ ബ്രോഡ് ബീൻ (ബാർ) | 12 |
| 6 | ഹോട്ടൽ ബ്ലൂസ്റ്റാർ | 4 |

(മേൽ പട്ടികയിൽ ക്രമ നമ്പർ 3 ദിനേശ് അപ്പാരൽ പാർക്കിലെ 2 ജീവനക്കാരുടെ തൊഴിൽനികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(4/06.06.2022) മറുപടിയായി മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊഴിൽനികുതി ഒടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 വാടക- അപാകങ്ങൾ

1.അംഗീകൃത വാടക ബൈലോ നിലവില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ 32 മുറികളുണ്ട്. ഇവ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അംഗീകൃത ബൈലോ നിലവിലില്ല. 30.11.2019 തീയതിയിലെ 20/344/19 നമ്പർ ഭരണസമിതി തീരുമാനപ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിനുള്ള കരട് ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വാടക ബൈലോക്ക് അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/07.06.22) മറുപടിയായി വാടക ബൈലോ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ലെന്നും ആയത് എത്രയും പെട്ടെന്ന് തന്നെ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാടക ബൈലോയ്ക്ക് അംഗീകാരം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

2.വാടക മുറികൾ പുനർലേലം നടത്തി /വാടക കാലോചിതമായി പരിഷ്കരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്

നിലവിൽ വാടക മുറികൾ വർഷാവർഷം 5% വർദ്ധനവ് വരുത്തി നിലവിവുള്ള ലൈസൻസിക്ക് തന്നെ പുതുക്കി നൽകുകയാണ് ചെയ്തുവരുന്നത്. ഇപ്രകാരം വർദ്ധനവ് വരുത്തുന്നുണ്ടെങ്കിലും വാടക തുക കുറവായതിനാൽ നാമമാത്രതുകയുടെ വർദ്ധനവാണ് ഫലത്തിൽ സംഭവിക്കുന്നത്. വാടക കാലോചിതമായി പരിഷ്കരിച്ച് /വാടക മുറികൾ പുനർലേലം നടത്തി തനത് വരുമാനം വർദ്ധനവിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ചുമത്തുന്നതിലെ അപാകങ്ങൾ.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/2017 അടിസ്ഥാനമാക്കിയായിരുന്നു. എന്നാൽ ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് ഈടാക്കേണ്ടത് സംബന്ധിച്ച ഭരണസമിതി തീരുമാനം എടുത്തിട്ടില്ല.

ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ,മിനി, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ ചട്ടപ്രകാരമുള്ള പരമാവധി തുകയാണ് ലൈസൻസ് ഫീസായി ഈടാക്കി വരുന്നത്. എന്നാൽ ചില സ്ഥാപനങ്ങളിൽ നിന്നും ഇപ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയിട്ടുമില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം/മേഖല | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധനനിക്ഷേപം | ഈടാക്കിയ തുക/ രശീത് നം,തീയതി |
|---|---|---|---|---|---|
| 1 | ജ്വല്ലറി/ സേവനമേഖല | 4/580,581 | അബ്ദുൾ സലാം | രേഖപ്പെടുത്തിയിട്ടില്ല | 2000, 108400/11.02.2020 |
| 2 | കമ്പി, പൂഴി വിൽപ്പന/ | 4/398,399 | രാജേന്ദ്രൻ | രേഖപ്പെടുത്തിയിട്ടില്ല | 2000, 108414/12.02.2020 |

| | | | | | |
|---|---|---|---|---|---|
| | സേവനമേഖല | | | | |
| 3 | ഇലക്ട്രിക്കൽ സാധനങ്ങളുടെ വിൽപ്പന/ സേവനമേഖല | 4/395 | സാജിദ് സി പി | 5 ലക്ഷം | 2000, 101624/24.11.2020 |
| 4 | വസ്ത്രാലയം/ സേവനമേഖല | 18/459,460,461 | വി പി വിനേശൻ | രേഖപ്പെടുത്തിയിട്ടില്ല | 4000, 108928/22.02.2020 |

മൈക്രോ, മിനി, സ്മോൾ,മിനി, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം 500, 1000, 5000, 10000, 15000 എന്നിങ്ങനെയാണ്. എന്നാൽ ആയത് പ്രകാരമല്ലാത്ത തുക ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/06.06.2022) മറുപടിയായി ചട്ടപ്രകാരമുള്ള പരമാവധി ഫീസാണ് പഞ്ചായത്തിൽ ഈടാക്കുന്നതെന്നും ക്രമനമ്പർ 2,3 സ്ഥാപനങ്ങളിൽ നിന്ന് മുൻവർഷങ്ങളിൽ ഈടാക്കിയ പ്രകാരമാണ് ഫീസ് ഈടാക്കിയതെന്നും ക്രമനമ്പർ 1, 4 സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഫീസായ 5000 ഈടാക്കിയിട്ടുണ്ടെന്നും ഭേദഗതി ചട്ടപ്രകാമുള്ള ലൈസൻസ് ഫീസ് തുടർവർഷങ്ങളിൽ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിലെ കാലതാമസം. തനത് വരുമാനമിനത്തിൽ ലഭിക്കേണ്ട തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നു.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല. ഇ-ടെണ്ടർ നടപടികൾ ആരംഭിച്ച വർഷം മുതലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമായ ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്. അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടികൾ ആരംഭിച്ച വർഷം മുതൽ 2020-21 വർഷം വരെ കരാറുകാർ ടെണ്ടർ ഫീ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഒടുക്കിയ തുക, ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ച തുക, തിരികെ ലഭിക്കാനുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/20-21 തീ. 08.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചക്കരക്കല്ല് ശാഖയിൽ അസിസ്റ്റന്റ് എൻജിനീയറുടെ ഔദ്യോഗിക മേൽവിലാസത്തിൽ ടെണ്ടർ ഫോറം വില ലഭിക്കുന്നതിനായി ഒരു കറന്റ് അക്കൗണ്ട് (40396191346) ആരംഭിച്ചിട്ടുണ്ടെങ്കിലും അക്കൗണ്ടിൽ ടെണ്ടർ ഫോറം ഇനത്തിൽ തുകയൊന്നും തന്നെ ഇതുവരെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫോറം ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് -പലിശയിനത്തിൽ വരുമാനനഷ്ടമുണ്ടാകുന്നു.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി ഇ-പേയ്മെന്റ് കറന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. എന്നാൽ ഇ-പേയ് മെന്റ് അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ കറന്റ് അക്കൗണ്ടിൽ നിലനിർത്തിവരികയാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് വിവരം | നീക്കിയിരിപ്പ് | | |
|---|---|---|---|
| എസ് ബി ഐ ചക്കരക്കൽ ശാഖ (അക്കൗണ്ട് നമ്പർ - 37051297420) | 31-03-2020 | 31-03-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ₹80,759.00 | ₹10,68,901.00 | ₹20,42,690.00 |

വസ്തുനികുതി ഓൺലൈൻ അക്കൗണ്ടിലെ തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയത് വഴി പലിശയിനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാനനഷ്ടമുണ്ടായിട്ടുണ്ട്. എസ് ബി ഐ ഇ-പേയ്മെന്റ് കറന്റ് അക്കൗണ്ടിൽ നിലനിർത്തിയിരുന്ന തുകയിൽ ഇരുപത് ലക്ഷം രൂപ 08-06-2022 തീയതിയിൽ കനറാ ബാങ്കിലുള്ള തനത് ഫണ്ട് എസ് ബി അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്നും തുടർന്ന് വരുന്ന മാസങ്ങളിൽ കൃത്യമായ ഇടവേളകളിൽ കറന്റ് അക്കൗണ്ടിലെ തുക എസ് ബി അക്കൗണ്ടിലേക്ക് മാറ്റുന്നതാണെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-02/2020-21 തീയതി 03-06-2022) ഗ്രാമപഞ്ചായത്ത് മറുപടി നൽകിയത്. പലിശയിനത്തിൽ ലഭിക്കുമായിരുന്ന വരുമാനം നഷ്ടപ്പെടാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-18 ക്ഷാമബത്ത കുടിശ്ശികയുടെ പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കിയിട്ടില്ല

വൗച്ചർ നമ്പർ 22000149/12-06-2020 തുക 66,689

വൗച്ചർ നമ്പർ 22000150/12-06-2020 തുക 66,689

ശ്രീമതി.ഷിജിന വി ക്ലർക്കിന്റെ 12/2017 മുതൽ 05/2020 വരെയുള്ള പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കിയതിൽ ജി.ഒ(പി)44/2019/ധന തീയതി 04-04-2019 പ്രകാരം 01/2018 മുതൽ 03/2019 ക്ഷാമബത്ത കുടിശ്ശികയിനത്തിൽ ലഭിച്ച 11005 രൂപയുടെ പെൻഷൻ വിഹിതം ഒടുക്കിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ -15/2020-21 തീയതി 06-06-2022 ) പെൻഷൻ വിഹിതം ഈടാക്കി ഒടുക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ജീവനക്കാരിയുടെയും സ്ഥാപനത്തിന്റെയും പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ

തൻവർഷം കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളിൽ വിത്തുകൾ, തൈകൾ എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിക്കാത്തത് മൂലവും ഹാജരാക്കിയ രേഖകളുടെ സുതാര്യതയില്ലായ്മ കാരണവും യാഥാർത്ഥ ഗുണഭോക്താക്കൾക്ക് ഇവ ലഭിച്ചിരുന്നെന്ന് ഉറപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. ഹാജരാക്കിയ കൈപ്പറ്റ് രേഖകൾ പലതും സുതാര്യമല്ല. ഉദാഹരണത്തിന് പ്രോജക്ട് നമ്പർ 34/2021 ഫലവൃക്ഷതൈ വിതരണത്തിൽ ഉൾപ്പെടുത്തി വിതരണം ചെയ്ത മാവ്, പ്ലാവ്, സപ്പോട്ട തൈകൾ ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ തൈകൾ കൈപ്പറ്റിയതിന് ഹാജരാക്കിയ ഫലവൃക്ഷതൈ വിതരണ സ്റ്റേറ്റ്മെന്റിൽ ഒരേ ഗുണഭോക്താക്കളുടെ പേരിൽ രണ്ട് ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്. രണ്ട് ലിസ്റ്റിലും ഒപ്പ് വ്യത്യസ്തമായി കാണുന്നു. ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി കാർഷികമേഖലയിലെ പ്രോജക്ടുകളിൽ വിതരണം ചെയ്ത വിത്തുകൾ, തൈകൾ എന്നിവ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടോയെന്ന് അറിയുന്നതിന് വിശദമായ അന്വേഷത്തിന് ശുപർശ ചെയ്യുന്നു. വിവിധ അപേക്ഷകളിൽ ഗുണഭോക്താവിന്റെ അർഹതാ മാനദണ്ഡം പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച് രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ-23/2020-21 തീയതി 08-06-2022) മറുപടി നൽകിയിട്ടില്ല.

## 1-19-1 ഫലവൃക്ഷതൈ വിതരണം രേഖകളിൽ സുതാര്യതയില്ല ₹132300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ / പേര് | 34/2021 ഫലവൃക്ഷതൈ വിതരണം |
| അടങ്കൽ 132300 | 99225( വികസനഫണ്ട് ജനറൽ )<br>33075(തനത് ഫണ്ട് ) |
| ചെലവ് | ₹132300 |
| ചെക്ക് നമ്പർ തീയതി<br>ബിൽ നമ്പർ തീയതി | 10/29-01-2021 ₹99225<br>5973039/25-02-2021 ₹33075 |

പ്രോജക്ട് പ്രകാരം ഡിസ്ട്രിക്ട് അഗ്രികൾച്ചറൽ ഫാം തളിപറമ്പ് സ്ഥാപനത്തിൽ നിന്ന് മാവ്,പ്ലാവ്, സപ്പോട്ട തൈകൾ 588 എണ്ണം വീതം വാങ്ങയിതിന് ഒരെണ്ണത്തിന് 225 രൂപ നിരക്കിൽ 132300 രൂപ അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ തൈകൾ കൈപറ്റിയതിന് ഹാജരാക്കിയ ഫലവൃക്ഷതൈ വിതരണ സ്റ്റേറ്റ്മെന്റിൽ ഒരേ ഗുണഭോക്താക്കളുടെ പേരിൽ രണ്ട് ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്. രണ്ട് ലിസ്റ്റിലും ഒപ്പ് വ്യത്യസ്തമായി കാണുന്നു. ഒരേ ഗുണഭോക്താക്കളുടെ പേരിൽ രണ്ട് ലിസ്റ്റ് ഹാജരാക്കിയതിനും ഒപ്പ് വ്യത്യസ്തമായി കാണിച്ചതിനും വിശദീകരണം നൽകേണ്ടതാണ്. ഹാജരാക്കിയ രേഖകളുടെ സുതാര്യത ഇല്ലായ്മ കാരണം ₹132300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദമായ മറുപടി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19-2 മഞ്ഞൾ ഗ്രാമം പദ്ധതി രേഖകൾ ഹാജരാക്കിയിട്ടില്ല. 1,40,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ / പേര് | 32/2021 മഞ്ഞൾ ഗ്രാമം പദ്ധതി |
| അടങ്കൽ | 1,40,000( വികസനഫണ്ട് ജനറൽ ) |
| ചെലവ് | ₹1,40,000 |
| ബിൽ നമ്പർ തീയതി | 09/29-01-2021 |

പ്രോജക്ട് പ്രകാരം മുണ്ടേരി ആഗ്രോ സർവ്വീസ് സെന്റർ ഏച്ചൂർ എന്ന സ്ഥാപനത്തിൽ നിന്ന് മഞ്ഞൾ വിത്ത് (10 Kg) 280 എണ്ണം 50 നിരക്കിൽ 1,40,000 രൂപ അനുവദിച്ചിട്ടുണ്ട് മഞ്ഞൾ വിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 1,40,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19-3 കരനെൽകൃഷി വികസനം രേഖകൾ ഹാജരാക്കിയിട്ടില്ല. 19,040 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ / പേര് | 204/2021 കരനെൽകൃഷി വികസനം |
| അടങ്കൽ 1,41,600 | 40,800( വികസനഫണ്ട് ജനറൽ )<br>40,800( ജില്ലാ പഞ്ചായത്ത് വിഹിതം )<br>60,000 ( ഗുണഭോക്തൃവിഹിതം ) |
| ചെലവ് | ₹19,040 |
| ബിൽ നമ്പർ തീയതി | 14/27-03-2021 |

പ്രോജക്ട് പ്രകാരം നെൽ വിത്തുകൾ വാങ്ങുന്നതിന് 19,040 രൂപ ചെലവഴിച്ചിട്ടുണ്ട്.

| സ്ഥാപനം | അളവ് | തുക |
|---|---|---|
| സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് | 90kg(മാട്ട ത്രിവേണി) | 3600 |
| മയ്യിൽ റൈസ് പ്രോഡ്യൂസർ കമ്പിനി | 320 Kg<br>(ഉമ 270)<br>(ജ്യോതി 50) | 12800 |
| മുണ്ടേരി ആഗ്രോ സർവ്വീസ് സെന്റർ ഏച്ചൂർ | മനുരത്ന 150kg | 6000 (2640 ൽ പരിമിതപെടുത്തി തുക അനുവദിച്ചത്) |

നെൽ വിത്തുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 19,040 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19-4 സമഗ്ര നെൽകൃഷി വികസനം രേഖകൾ ഹാജരാക്കിയിട്ടില്ല. ₹3,08,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 12/2021 കരനെൽകൃഷി വികസനം |
| അടങ്കൽ 6,16,600 | 150640( വികസനഫണ്ട് ജനറൽ )<br>3360 (തനത് ഫണ്ട്)<br>1,54,000( ജില്ലാ പഞ്ചായത്ത് വിഹിതം )<br>3,08,000 ( ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചത് ) |
| ചെലവ് | ₹6,16,600 |
| ബിൽ നമ്പർ തീയതി | 08/29-01-2021 36,960<br>11/27-03-2021 117700<br>12/27-03-2021 25,380<br>13/27-03-2021 36,300<br>15/30-03-2021 7560<br>17/30-03-2020 80740<br>597346/17-03-2021 3360 |

പ്രോജക്റ്റ് പ്രകാരം വിത്ത് സൗജന്യമായി നൽകി ഹെക്ടറിന് 22,000 രൂപ (വിത്തിന്റെ വില ഉൾപ്പടെ) സബ്സിഡി നൽകുകയാണ് ചെയ്യേത്. നെൽ വിത്തുകൾ വാങ്ങുന്നതിന് 47880 രൂപയും കൂലിചെലവ് സബ്സിഡിയായി 260120 രൂപയും ചെലവഴിച്ചിട്ടുണ്ട്. നെൽകൃഷി കൂലിചെലവ് അനുവദിച്ചതിൽ എത്ര വിള കൃഷി ചെയ്തതെന്ന് വ്യക്തമല്ല. ഗുണഭോക്താക്കൾക്ക് അനുവദിച്ച നെൽവിത്ത് എത്രയാണെന്ന് വ്യക്തമല്ല. താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അപേക്ഷയിൽ കാണിച്ച സ്ഥലവിസ്തൃതിയിൽ പ്രോജക്റ്റ് പ്രകാരം അനുവദിക്കാവുന്ന തുകയേക്കാൾ അധികം നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അപേക്ഷ പ്രകാരം കൃഷി സ്ഥലത്തിന്റെ വിസ്തൃതി | വിത്തിന്റെ വില ഉൾപ്പടെ അനുവദിക്കാവുന്ന സബിസിഡി | വിത്തിന്റെ വില കൂടാതെ അനുവദിച്ച സബ്സിഡി |
|---|---|---|---|
| രാജൻ സി പി | 220 സെന്റ് .890 ഹെക്ടർ | 19580 | 36021 |
| രാമചന്ദ്രൻ സി സി | 298 സെന്റ് 1.2059 | 26529 | 40603 |

സബ്സിഡി നിരക്കിലും അധികം തുക അനുവദിച്ചതിന് കാരണം അറിയിച്ചിട്ടില്ല.

ഗുണഭോക്താവിന്റെ അർഹതാ മാനദണ്ഡം പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

നെൽ വിത്തുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. അപാകങ്ങൾ കാരണം

3,08,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കിയും, പ്രോജക്റ്റിൽ വിഭാവനം ചെയ്തതിലും അധികം സബ്സിഡി അനുവദിച്ചതിനും വിശദമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19-5 തെങ്ങിന് വളപ്രയോഗം അപാകങ്ങൾ. ₹5372 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ / പേര് | 12/2021 തെങ്ങിന് വളപ്രയോഗം |
| അടങ്കൽ 2241688 | 1670692 (വികസനഫണ്ട് ജനറൽ ) |

| | |
|---|---|
| | 570996 (ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത്) |
| ചെലവ് | ₹1630560 |
| ബിൽ നമ്പർ തീയതി | 03/30-09-2020 492249<br>04/06-11-2020 499991<br>05/04-01-2021 448641<br>07/29-01-2021 189679 |

പ്രോജക്ട് പ്രകാരം തെങ്ങിന് വളപ്രയോഗം നടത്തുന്നതിന് വേപ്പിൻ പിണ്ണാക്ക്, നീറ്റ് കക്ക, ചകിരിചോറ് എന്നിവ ഓരോ കിലോ വിതം വിതരണം ചെയ്തിട്ടുണ്ട്. തെങ്ങിന് ഒന്നിന് 79 രൂപയാണ് സബ്സിഡി നിശ്ചയിച്ചത്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയിൽ രേഖപ്പെടുത്തിയ തെങ്ങുകളുടെ എണ്ണത്തിന് അനുസരിച്ചല്ല സബ്സിഡി അനുവദിച്ചത്

| ഗുണഭോക്താവിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ തെങ്ങിന്റെ എണ്ണം / അനുവദിക്കാവുന്ന സബ്സിഡി | അനുവദിച്ച സബ്സിഡി | അധികം നൽകിയത് |
|---|---|---|---|
| സി കെ ഓമന | 72x79=5688 | 100x79=7900 | 2212 |
| ശ്രീജ ലക്ഷ്മണൻ | 60x79=4740 | 100x79=7900 | 3160 |
| | | | 5372 |

കണ്ണൂർ ജില്ല കലക്ടറുടെ 05-11-2020 ലെ 392/2020/ഡി.പി.സി/ഡി.പി.ഒ/കെ.എൻ.ആർ. നടപടിക്രമങ്ങൾ പ്രകാരം ജില്ലാ തലത്തിൽ കാർഷിക ഇനങ്ങളിൽ നീറ്റ് കക്കക്ക് (കുമ്മായം) നിശ്ചയിച്ച തുകയിൽ (18 /Kg)പരിമിതപ്പെടുത്താതെ 19/kg അനുവദിച്ചത് കാരണം അധിക സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്ത നീറ്റ് കക്കയുടെ ആകെ അളവ് എത്രയാണെന്ന് വ്യക്തമല്ല. വളങ്ങളുടെ വിതരണം സംബന്ധിച്ച് കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. നീറ്റ് കക്കക്ക് (കുമ്മായം) നിശ്ചയിച്ച തുകയിൽ (18/kg) പരിമിതപ്പെടുത്താതെ (19/kg) സബ്സിഡി നൽകിയതു കാരണം അധികം നൽകിയ സബ്സിഡിയായ 5372/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറു മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷം പിന്നീട് കാലാവധി ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.കരാർ കാലാവധി തീരുന്നതിനു മുമ്പ്, കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.ചുവടെ പരാമർശിച്ച പ്രവൃത്തിയുടെ ഫയലിൽ അത്തരത്തിലുള്ള അപേക്ഷയും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ശുപാർശയും ഭരണസമിതി തീരുമാനവും ഇല്ല. മേൽസൂചിപ്പിച്ച പ്രകാരം കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടുമില്ല. കരാറുകാരനിൽ നിന്നും പി.എ.സി യുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകിയത് ക്രമപ്രകാരമല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | SO 24/21 |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ഉദയകലാസമിതി അങ്കണവാടി റോഡ് ടാറിംഗ് |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്-639000 |
| സാങ്കേതികാനുമതി നമ്പർ | 20858/2020-21 |
| ആകെ പ്രവൃത്തിമൂല്യം | 631548(566432+67972 GST-2856 Empty Barrel) |
| ആകെ ചെലവ് തുക ( Gross Amount) | 631548 |
| വൗച്ചർ നമ്പർ-തീയതി | ലഭ്യമല്ല. |
| BRN നമ്പർ | 20190152011401165515 തീയതി 26-02-2021 |
| കരാറുകാരന്റെ പേര് | രാഘവൻ.കെ |
| എഗ്രീഡ് പി എ സി തുക | 570580 |
| എം.ബുക്ക് നമ്പർ | 127/2020-21 |
| എഗ്രിമെന്റ് നമ്പർ | AE/LSGD/009/2020-21തീയതി 16-07-2020 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് | 180 ദിവസം |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 15-01-2021 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 10-02-2021 |
| ഈടാക്കേണ്ടിയിരുന്ന പിഴ (1%)<br>570580x 1/100 | 5706 |

2.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | 61/21 |
| പ്രൊജക്ടിന്റെ പേര് | കോമത്ത് കുന്നമ്പ്രം കോവിൽ റോഡ് റീ ടാറിംഗ് |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് റോഡ്-420000 |
| സാങ്കേതികാനുമതി നമ്പർ | ലഭ്യമായിട്ടില്ല. |
| ആകെ പ്രവൃത്തിമൂല്യം | 342817(342817+41138GST-5474 Empty Barrel) |
| ആകെ ചെലവ് തുക ( Gross Amount) | 378481 |
| വൗച്ചർ നമ്പർ-തീയതി | Nil |
| BRN നമ്പർ | 20190152011401438802 തീയതി 30-03-2021 |
| കരാറുകാരന്റെ പേര് | ബൈജു.പി |
| എഗ്രീഡ് പി എ സി തുക | 361865 |
| എം.ബുക്ക് നമ്പർ | 170/2020-21 |
| എഗ്രിമെന്റ് നമ്പർ | AE/LSGD/018/2020-21തീയതി 29-07-2020 |

| | |
|---|---|
| പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് | 180 ദിവസം |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 28-01-2021 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 23-03-2021 |
| ഈടാക്കേണ്ടിയിരുന്ന പിഴ (1%)<br>342807x 1/100 | 3428 |

3.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | 63/21 |
| പ്രൊജക്ടിന്റെ പേര് | കൊച്ചുമുക്ക് തെയ്യത്താം കുന്ന് റോഡ് റീ ടാറിംഗ് |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് റോഡ്-420000 |
| സാങ്കേതികാനുമതി നമ്പർ | 21434/2020-21 |
| ആകെ പ്രവൃത്തിമൂല്യം | 506693(506693+60803 GST-4522 Empty Barrel) |
| ആകെ ചെലവ് തുക ( Gross Amount) | 562974 |
| വൗച്ചർ നമ്പർ-തീയതി | Nil |
| BRN നമ്പർ | 2019015201140116551 8തീയതി 26-02-2021 |
| കരാറുകാരന്റെ പേര് | സി.ബിനേഷ് |
| എഗ്രീഡ് പി എ സി തുക | 508216 |
| എം.ബുക്ക് നമ്പർ | 103/2020-21 |
| എഗ്രിമെന്റ് നമ്പർ | AE/LSGD/11/2020-21തീയതി 21-07-2020 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് | 180 ദിവസം |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 20-01-2021 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 06-02-2021 |
| ഈടാക്കേണ്ടിയിരുന്ന പിഴ (1%)<br>508216x 1/100 | 5083 |

4.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | 69/21 |
| പ്രൊജക്ടിന്റെ പേര് | കണ്ണിച്ചാൻ കണ്ടി റോഡ് ടാറിംഗ് |

| | |
|---|---|
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ്-560000 |
| സാങ്കേതികാനുമതി നമ്പർ | 21434/2020-21 |
| ആകെ പ്രവ്യത്തിമൂല്യം | 458558(458558+55027 GST-2618 Empty Barrel) |
| ആകെ ചെലവ് തുക ( Gross Amount) | 510967 |
| വൗച്ചർ നമ്പർ-തീയതി | Nil |
| BRN നമ്പർ | 201901520114012311152തീയതി 11-03-2021 |
| കരാറുകാരന്റെ പേര് | ആർ.വിജയൻ |
| എഗ്രീഡ് പി എ സി തുക | 459907 |
| എം.ബുക്ക് നമ്പർ | 130/2020-21 |
| എഗ്രിമെന്റ് നമ്പർ | AE/LSGD/14/2020-21തീയതി 29-07-2020 |
| പ്രവ്യത്തി പൂർത്തീകരിക്കേണ്ട കാലയളവ് | 180 ദിവസം |
| പ്രവ്യത്തി പൂർത്തീകരിക്കേണ്ട തീയതി | 28-01-2021 |
| പ്രവ്യത്തി പൂർത്തീകരിച്ച തീയതി | 24-02-2021 |
| ഈടാക്കേണ്ടിയിരുന്ന പിഴ (1%)<br>459907x 1/100 | 4599 |

5.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ് നമ്പർ | 177/21 |
| പ്രൊജക്റ്റിന്റെ പേര് | ഇരിവേരി ലക്ഷം വീട് കോളനി റോഡ് ടാറിംഗ് |
| അടങ്കൽ | മെയിനന്റൻസ് ഫണ്ട് റോഡ്-1161000 |
| സാങ്കേതികാനുമതി നമ്പർ | 52609/2019-20 |
| ആകെ പ്രവ്യത്തിമൂല്യം | 1010395(1010395+121247 GST-3570Empty Barrel) |
| ആകെ ചെലവ് തുക ( Gross Amount) | 1128072 |
| വൗച്ചർ നമ്പർ-തീയതി | Nil |
| BRN നമ്പർ | 20190152011400463338തീയതി 24-08-2020-999733 രൂപ-പാർട്ട് ബിൽ<br>21190152011400131252 തീയതി 17-06-2021-128339 രൂപ-ഫൈനൽ ബിൽ |
| കരാറുകാരന്റെ പേര് | നിവേദ്.എം |
| എഗ്രീഡ് പി എ സി തുക | 1036434 |
| എം.ബുക്ക് നമ്പർ | 22/2019-20 |
| എഗ്രിമെന്റ് നമ്പർ | AE/CHE/27/2019-20തീയതി 12-11-2019 |

| | |
|---|---|
| പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് | 150 ദിവസം |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 11-04-2020 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 27-03-2021 |
| ഈടാക്കേണ്ടിയിരുന്ന പിഴ (3%) 1036434x 3/100 | 31093 |

6.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ് നമ്പർ | 167/21 |
| പ്രൊജക്റ്റിന്റെ പേര് | മേപ്പൊയിൽ കാവ് കുറക്കണ്ടിൽ റോഡ് ടാറിംഗ് |
| അടങ്കൽ | തനത് ഫണ്ട്-106500 |
| സാങ്കേതികാനുമതി നമ്പർ | ഫയലിൽ ലഭ്യമല്ല. |
| ആകെ പ്രവൃത്തിമൂല്യം | 824410(824410+98929 GST-4046Empty Barrel) |
| ആകെ ചെലവ് തുക ( Gross Amount) | 919293 |
| ചെക്ക് നമ്പർ-തീയതി | XY-5973041 തീയതി 12-03-2021 |
| കരാറുകാരന്റെ പേര് | ബിനേഷ്.സി |
| എഗ്രീഡ് പി എ സി തുക | 922709 |
| എം.ബുക്ക് നമ്പർ | 106/2019-20 |
| എഗ്രിമെന്റ് നമ്പർ | AE/CHE/30/2019-20തീയതി 12-11-2019 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് | 150 ദിവസം |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 11-04-2020 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 03-02-2021 |
| ഈടാക്കേണ്ടിയിരുന്ന പിഴ (3%) 922709x 3/100 | 27681 |

കരാറുകാരിൽ നിന്ന് നിയമാനുസൃതമായ നിരക്കിൽ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയത് - കരാറുകാരൻ ജിഎസ്.ടി അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

കേരള സർക്കാരിന്റെ സർക്കുലർ നമ്പർ 18/19 ധനം . തീ 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് GST ഉൾപ്പെടാതെയുള്ള തുകയ്ക്ക് എസ്റ്റിമേറ്റ്, ബിൽ എന്നിവ തയ്യാറാക്കുകയും, ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. GST ഉൾപ്പെടാതെ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 50/18 തീ 13/9/2018 GST നോട്ടിഫിക്കേഷൻ പ്രകാരം 2% TDS കുറവ് ചെയ്യുകയും ആയതിന് റിട്ടേൺ സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും GST ഇനത്തിൽ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പ്രവൃത്തികൾക്ക് നല്കുന്ന തുകയുടെ വിവരം GST വകുപ്പിലേക്ക് എത്തുകയും നികുതി അസ്സസ്സ്മെന്റിന് കരാറുകാരൻ വിധേയനാകുകയും ചെയ്യുന്നു. പ്രവൃത്തിമൂല്യം 2,50,000 രൂപയിൽ താഴെ മൂല്യമുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് TDS ബാധകമാക്കാത്തതിനാൽ റിട്ടേൺ സമർപ്പിക്കേണ്ടതില്ല. എന്നാൽ GST ഇനത്തിൽ ഈ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക നല്കേണ്ടതുമുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.

പഞ്ചായത്ത്, കരാറുകാർക്ക് (സേവനദാതാവിന്) നല്കുന്ന തുകക്ക് നിലവിൽ ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്ത് 2020-21 വർഷം നടപ്പാക്കിയതും 2,50,000 രൂപയിൽ താഴെ മൂല്യമുള്ളതുമായ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കിയ തുക സർക്കാരിലേക്ക് അടവാക്കിയോ എന്ന് ഉറപ്പ് വരുത്താനാകുന്നില്ല. 2020-21വർഷം നടപ്പാക്കിയതും GST കണക്കാക്കുന്നതിന് മുമ്പ് 2,50,000 രൂപയിൽ കുറവ് മൂല്യമുള്ളതും GST ഇനത്തിൽ കരാറുകാർക്ക് തുക നല്കിയതുമായ പ്രവൃത്തികൾക്കുള്ള ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് പേര് ,നമ്പർ | എം.ബുക്ക് നമ്പർ | ജി.എസ്. ടി ഉൾപ്പെടെ ആകെ പ്രവൃത്തിമൂല്യം | ജി.എസ് ടി തുക | കരാറുകാരന്റെ പേര് | ബിൽ (BRN) നമ്പർ/തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ആയുർവേദാശുപത്രി അറ്റകുറ്റപണികൾ (SO168/21) | 31/2019-20 83/2019-20 | 77377 | 8290 | സി.ഉമേഷ് | 20190152011400186356തീയതി 21-05-2020 |
| 2 | ചക്കരക്കൽ ബസ് സ്റ്റാൻഡ് ടോയ് ലറ്റ് നവീകരണം (SO 160/21) | 38/20-21 | 169421 | 18152 | സി.ഉമേഷ് | 20190152011400686422തീയതി 04-11-2020 |
| 3 | കോമത്ത് കുന്നമ്പ്രം കെ വി റോഡ് ടാറിംഗ് (61/21) | 198/20-21 | 241770 | 25904 | ബൈജു.പി | 20190152011401439334തീയതി 30-03-2021 |
| 4 | തന്നട മൈലപ്രം ക്ഷേത്രം പൊതുവാച്ചേരി റോഡ് റീ ടാറിംഗ്.(SO 155/21) | 14/2019-20 | 258517 | 27698 | ആർ.വിജയൻ | 20190152011400139016തീയതി 11-04-2020 |
| 5 | കുന്നമ്പ്രത്ത് തയ്യിൽ ആനയാട്ട് പറമ്പിൽ റോഡ് (235/21) | 172/20-21 | 74374 | 7969 | ബൈജു.പി | 20190152011401410492തീയതി 28-03-2021 |

മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് കരാറുകാർ 2020-21 സാമ്പത്തികവർഷത്തിൽ ഇൻവോയ്സ് തയ്യാറാക്കിയിട്ടുണ്ടാവും. ആ ഇൻവോയ്സ്/അല്ലെങ്കിൽ അതിന്റെ പകർപ്പ് /അല്ലെങ്കിൽ ഈ തുക കരാറുകാരുടെ ഔട്ട്പുട്ട് ടാക്സിൽ ഉൾപ്പെടുത്തി റിട്ടേൺ സമർപ്പിച്ചു എന്നതിന് തെളിവ് കരാറുകാരിൽ നിന്ന് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരിൽ നിന്ന് ജി എസ് ടി അടവാക്കിയത് സംബന്ധിച്ച ഇൻവോയ്സ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-22 കരാറുകാരിൽ നിന്നുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ- പ്രവൃത്തി ഫയലിൽ സൂക്ഷിക്കുന്നതിലെ അപാകം.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ കരാറുകാരിൽ നിന്നും വാങ്ങുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ അതാത് പ്രവൃത്തിയുടെ ഫയലിൽ ആണ് സൂക്ഷിക്കുന്നത്.കരാറുകാരിൽ നിന്നുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ വിവരം സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ട്.കരാറുകാരിൽ നിന്നുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത് പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

## 1-23 പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളിലൊന്നിലും തന്നെ പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല. പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.ഖണ്ഡിക 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലൊന്നിലും തന്നെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. 2020-21 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലും മോണിറ്ററിംഗ് സംബന്ധിച്ച് ഒരു ചർച്ചയും നടന്നിട്ടില്ല. പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം പ്രൊജക്ട് ഫയലിൽ ചേർത്തിട്ടില്ല. പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് മറുപടി നൽകേണ്ടതാണ്.

## 1-24 അസിസ്റ്റന്റ് എൻജിനീയറുടെ ക്യാഷ് ബുക്ക്- രേഖപ്പെടുത്തലുകളിലെ അപാകം.

സർക്കാരിന്റെ 12-04-2006തീയതിയിലെ ജി.ഒ(പി) 177/2006ഫിൻ ഉത്തരവ് പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ എല്ലാ വരവ് ചെലവുകളുടെയും വിശദാംശങ്ങൾ ടി.ആർ 7എ ഫാറത്തിലുള്ള ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ തനത് ഫണ്ടായി വകയിരുത്തിയ തുകകളുടെ വരവ്-ചെലവ് വിവരം 2020-21സാമ്പത്തിക വർഷത്തെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ 31-03-2021വരെ മാത്രമാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകളുള്ളത്. അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള ട്രഷറി, ബാങ്ക് അക്കൗണ്ടിലെ ഇടപാടുകളും പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് വിവരങ്ങളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിവരുന്നില്ല. എല്ലാ ഫണ്ടുകളുടെയും വിവരങ്ങൾ വൗച്ചർ നമ്പർ സഹിതം രേഖപ്പെടുത്തി ക്യാഷ് ബുക്ക് സമ്പൂർണ്ണമാക്കി സൂക്ഷിക്കാത്തതിനാൽ ചെലവ് സംബന്ധിച്ച കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. നിലവിൽ 31-03-2021 വരെ മാത്രമാണ് ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടുള്ളത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചക്കരക്കല്ല് ശാഖയിൽ അസിസ്റ്റന്റ് എൻജിനീയറുടെ ഔദ്യോഗിക മേൽവിലാസത്തിലുള്ള ബാങ്ക് അക്കൗണ്ടിൽ (40396191346) 12-04-2022 തീയതിയിൽ 26,05,159 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ട്രഷറി, ബാങ്ക് അക്കൗണ്ടിലെ മുഴുവൻ ഇടപാടുകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതും നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-25 സമഗ്ര തുടർ വിദ്യാഭ്യാസ പദ്ധതി - രേഖകളുടെ അഭാവത്തിൽ ₹96300 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.ഹൈസ്കൂൾ, ചാല |
| പ്രോജക്ട് നം. | 43/20-21 |
| പ്രോജക്ടിന്റെ പേര് | സമഗ്ര തുടർ വിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | ₹100000 ( തനത് ഫണ്ട്) |
| ചെലവ് | ₹96300 |
| വൗച്ചർ നം. & തീയതി | 22000459/26.3.2021 |

ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്ക് 4,7,10 ഹയർ സെക്കന്ററി ക്ലാസ്സുകളിലെ തുടർവിദ്യാഭ്യാസം നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. തുടർ വിദ്യാകേന്ദ്രങ്ങൾ മുഖേന 10, 11 ക്ലാസ്സുകളിലേക്ക് 21 വീതം പഠിതാക്കൾ സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| ക്രമ നം. | പഠിതാക്കളുടെ എണ്ണം ക്ലാസ്സ് | ഫീസിന്റെ വിശദാംശങ്ങൾ | ഒടുക്കേണ്ട ഫീസ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 21 പേർ – Xth Std | രജിസ്ട്രേഷൻ ഫീസ് -₹100<br>കോഴ്സ് ഫീസ് - ₹1750 | 1850 X 21= ₹38850<br>(₹38800 ആണ് അനുവദിച്ചത് |
| 2 | 21പേർ XI Th Std | രജിസ്ട്രേഷൻ ഫീസ് - ₹100<br>അഡ്മിഷൻ ഫീസ് - ₹200<br>കോഴ്സ് ഫീസ് - ₹2200 | 2500 X 21 = ₹52500 |

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1)മേൽ പട്ടികയിൽ പരാമർശിച്ച ₹52500 കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 10 -ാം ക്ലാസ്സുകളിലേക്കുള്ള പഠിതാക്കളുടെ ഫീസ് സാക്ഷരതാമിഷനിൽ അടവാക്കിയതിന്റെ വിവരങ്ങൾ ലഭിച്ചിട്ടില്ല. മേൽ സ്ഥാപനത്തിൽ നിന്നുള്ള കൈപ്പറ്റ് രശീതി ബന്ധപ്പെട്ട ഫയലിൽ ഇല്ല.

2)പദ്ധതി ചെലവ് തുകയായ ₹96300 ൽ ₹52500 സാക്ഷരതാ മിഷന്റേയും ₹43800 ഗവ.ഹയർ സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്ററുടേയും അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യതായിട്ടാണ് ബില്ലിൽ കാണുന്നത്. ₹43800യുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

3) രജിസ്റ്റർ ചെയ്ത എല്ലാ പഠിതാക്കളും കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടോയെന്നും പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും പരീക്ഷ നടത്തിയതിന്റെ വിവരങ്ങളും എത്രപേർ പരീക്ഷ വിജയിച്ചിട്ടുണ്ടെന്ന വിവരങ്ങളും മോണിട്ടറിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/8.6.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകളുടേയും വിശദീകരണത്തിന്റേയും അഭാവത്തിൽ ചെലവ് തുകയായ ₹96300 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-26 ഹെഡ് മാസ്റ്റർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

ജി ഒ (പി) 177/2006 തി 12.04.2006 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും തദ്ദേശഭരണ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം ഉൾപ്പെടെ കണക്കുകൾ രേഖപ്പെടുത്തണം. കൂടാതെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകളുടെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി ക്യാഷ് ബുക്ക് (അനുബന്ധംIV) സൂക്ഷിക്കണം. പരാമർശ പ്രകാരമുള്ള ക്യാഷ് ബുക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള സബ്സിഡിയറി രജിസ്റ്ററിൽ 2020-21 വർഷത്തെ വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തിയിട്ടുമില്ല. ക്യാഷ് ബുക്ക് സൂക്ഷിക്കാത്തതു സബന്ധിച്ച് മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ നിർദ്ദേശം പാലിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ക്യാഷ് ബുക്ക്, സബ്സിഡയറി ക്യാഷ് ബുക്ക് എന്നിവ ക്രമപ്രകാരം സൂക്ഷിക്കുന്നതിൽ കൂടുതൽ കൃത്യതയും ശ്രദ്ധയും ചെലുത്തേണ്ടതാണ്.

## 1-27 മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -അനുവദനീയമായതിലും അധികം തുക അനുവദിച്ചു

| | |
|---|---|
| നിർവ്വഹണം | ഐസിഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/പേര് | 45/20-21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | ₹600000 (വികസന ഫണ്ട്)<br>₹450000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹450000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹15,00,000 |

| | |
|---|---|
| ചെലവ്<br><br><br>ആകെ | ₹600000 (വികസന ഫണ്ട്)<br>₹450000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹450000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹15,00,000 |
| ബിൽ നം. & തീയതി | 9/12.6.2020 - ₹10,900<br>10/12.6.2020 - ₹1,23,630<br>14/28.8.2020 -₹1,19,300<br>15/28.8.2020 -₹52,800<br>19/18.2.2021 -₹4,50,000<br>20/5.3.2021 -₹4,50,000 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 80 ശാരീരീക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ് പദ്ധതി. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

14.2.2018 ലെ സ.ഉ (കൈ) നം.22/2018/തസ്വഭവ നം. ഉത്തരവിലെ ഖ7.1.6 (എ), പ്രകാരം ശാരീരീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സുകൾക്കനുസരിച്ച നിരക്കിലും ഖ7.1.6 (ബി) പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി 28500രൂപ നിരക്കിലുമാണ് സ്കോളർഷിപ്പ് അനുവദിക്കേണ്ടത്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് നിർദ്ദിഷ്ട നിരക്കിലും അധികം തുക അനുവദിച്ചതായി കാണുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | അനുവദനീയമായ തുക | അനുവദിച്ചത് | അധികം അനുവദിച്ചത് |
|---|---|---|---|---|
| 1 | നിഷിത ചന്ദ്രൻ D/o ഗീത എം സി | ₹28500 | ₹33200 | ₹4700 |
| 2 | അൻവർ എ സി S/oനദീറ എ സി | ₹28500 | ₹28700 | ₹200 |
| 3 | തസ്മിന സി എം M/oതഹ്സിൻ ഹസ്സൻ | ₹28500 | ₹28700 | ₹200 |
| | അധികം അനുവദിച്ചത് | | | ₹5100 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/6.6.2022 ന് ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് 2019-20 ൽ പ്രോജക്ടിൽ തുക ഇല്ലാത്തതു കൊണ്ട് സ്കോളർഷിപ്പ് തുക പൂർണ്ണമായും നൽകാൻ കഴിഞ്ഞില്ലെന്നും ബാക്കി നൽകാനുള്ള തുക കൂടി 2020-21 ൽ വകയിരുത്തി നൽകിയതുകൊണ്ടാണ് ചില കുട്ടികളുടെ അക്കൗണ്ടുകളിലേക്ക് അധികം തുക പോയതെന്ന മറുപടിയാണ് നൽകിയത്.

ശാരീരീക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ലാത്തതിനാൽ മേൽ പരാമർശിച്ച മറുപടിയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകളോടെ തിരുത്തലുകളില്ലാതെ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് ഓരോ വിദ്യാർത്ഥിക്കും അനുവദിക്കേണ്ട തുക, അനുവദിച്ച തുക, അനുവദിക്കാൻ ബാക്കി

നിൽക്കുന്ന തുക എന്നീ വിവരങ്ങൾ ഉൾപ്പെട്ട സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കുകയാണെങ്കിൽ ഓരോ വിദ്യാർത്ഥിക്കും സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്കോളർഷിപ്പ് തന്നെ അനുവദിക്കാൻ സാധിക്കും. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-28 അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് തുകയിൽ നിന്നും ജിഎസ് ടി-ടിഡിഎസ് കുറവ് ചെയ്തിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നം. & പേര് | 47/20-21, അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | ₹2956794 (വികസന ഫണ്ട്)<br>₹1500000 (കേന്ദ്ര ഫണ്ട്)<br>₹800000 (തനത് ഫണ്ട്)<br>------------<br>₹5256794 |
| ചെലവ് | ₹2956794 (വികസന ഫണ്ട്)<br>₹1145564 (കേന്ദ്ര ഫണ്ട്)<br>₹800000 (തനത് ഫണ്ട്)<br>------------<br>₹4902358 |
| ബിൽ നം.,ചെക്ക് നം. & തീയതി | 4/22.5.2020 - ₹115733<br>5/22.5.2020 - ₹430185<br>6/22.5.2020 - ₹389082<br>7/22.5.2020 - ₹169671<br>8/12.6.2020 - ₹224672<br>12/29.6.2020 -₹2797<br>13/23.8.2020 - ₹491880<br>16/28.8.2020 - ₹419322<br>17/16.1.2021 - ₹713452<br>/30.1.2021 - ₹560310<br>/30.1.2021 - ₹535728<br>SB/XY No.5973045/17.3.2021 - ₹239690<br>516106/26.3.2021 - ₹609836 |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 31അങ്കണവാടികൾക്കായി തേജസ്സ് ഫുഡ് സപ്ലിമെന്ററി യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം. & തീയതി | തുക (ജി എസ് ടി ഒഴികെയുള്ള തുക) (₹) | ബിൽ നം., ചെക്ക് നം. & തീയതി |
|---|---|---|---|
| 1 | 42/1.3.2020 | 150491 | 7/22.5.2020 |
| 2 | 47/1.4.2020 | 167973 | 6/22.5.2020 |
| 3 | 48/1.5.2020 | 193725 | |
| 4 | 50/1.6.2020 | 194906 | 8/12.6.2020 |
| 5 | 57/1.7.2020 | 194906 | 16/28.8.2020 |
| 6 | 62/1.9.2020 | 194906 | SB/XYNo.5973045/ 17.3.2021 |
| 7 | 65/1.10.2020 | 196087 | |
| 8 | 71/1.11.2020 | 198450 | |
| 9 | 72/1.12.2020 | 205773 | 098002/30.1.2021 |
| 10 | 73/1.1.2021 | 205773 | |
| 11 | 77/1.2.2021 | 206010 | 516106/26.3.2021 |
| 12 | 81/1.3.2021 | 202466 | |
| | ആകെ | 23,11,466 | |

മേൽ തുകയിൽ നിന്നും ടിഡി എസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/7.6.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശാനുസരണം സ്രോതസ്സിൽ നിന്നും നിയമാനുസൃത തുക ഈടാക്കിയതിനു ശേഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുക നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം

ചെമ്പിലോട് ഗ്രാമ പഞ്ചായത്തിൽ ആകെ 31 അങ്കണവാടികളാണുള്ളത്. അവയുടെ ഭൌതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഭൗതിക സാഹചര്യം | അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടം ഇല്ലാത്തവ | 5 |

| | | |
|---|---|---|
| 2 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 2 |
| 3 | ചുറ്റമതിൽ ഇല്ലാത്തവ | 14 |
| 4 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 0 |
| 5 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 2 |
| 6 | ടോയ് ലെറ്റ് സൌകര്യം ഇല്ലാത്തവ | 0 |
| 7 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തവ | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഫിറ്റ്നെസ് പരിശോധന പൂർത്തീകരിച്ചിട്ടില്ല |

ഫിറ്റ്നെസ് ഇല്ലാത്ത വാടക കെട്ടിടത്തിൽ പ്രവത്തിക്കുന്ന അങ്കണവാടി കുട്ടികളുടെ ജീവനും ആരോഗ്യത്തിനും ഭീഷണിയാണ്. തദ്ദേശ സ്വയം ഭരണ (ഡിസി) വകുപ്പിന്റെ 3.9.2010 ലെ 39033/DC2/10/ തസ്വഭവ നം. സർക്കുലർ പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്ര ധനസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികൾക്ക് കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഇപ്രകാരം 8,28,232 രൂപ ശേഷിക്കുന്നുണ്ട്. മേൽ നിർദ്ദേശം പാലിക്കുന്നതിലേക്കായി ആയത് ഉപയോഗപ്പെടുത്തുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | തീയതി | |
| 2020-21 | 07.06.22 &08.06.22 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.6/892/2022 തീയതി- 21.07.2022 |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര്/നമ്പര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | | 305811 | 305811 | 55/21 പാലിയേറ്റീവ് പരിചരണം | 305811 | 0 |
| | | 100000 | 100000 | 180/21 ലൈഫ് ഭവനപദ്ധതി | 100000 | 0 |
| | | 1200000 | 1200000 | 56/21 ലൈഫ് ഭവനപദ്ധതി | 1200000 | 0 |
| | | 200000 | 200000 | 122/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | | 400000 | 400000 | 4/21 അഗതിരഹിത കേരളം ഭവനനിർമ്മാണം | 400000 | 0 |
| | | 450000 | 450000 | 45/21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികള്ക്ക് സ്കോളർഷിപ്പ് | 450000 | 0 |
| ആകെ | | 2655811 | 2655811 | | 26,55,811 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | | 154000 | 154000 | 12/21 സമഗ്ര നെല്കൃഷി വികസനം | 154000 | 0 |
| | | 200000 | 200000 | 138/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | | 50911 | 50911 | 195/21 പാലിയേറ്റീവ് പരിചരണം | 50911 | 0 |
| | | 120426 | 120426 | 205/21 വീട്ടുവളപ്പിൽ | 120426 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | മത്സ്യകൃഷി (പട്ടതാക്കളം) | | |
| | | 450000 | 450000 | 45/21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 450000 | 0 |
| | | 200000 | 200000 | 122/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | | 100000 | 100000 | 143/21 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ | 100000 | 0 |
| ആകെ | | 12,75,337 | 12,75,337 | | 12,75,337 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം രൂപയുടെ സ്ഥിരനിക്ഷേപം /ഷെയറുകൾ നിലവിലുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയറുകൾ | 564877 |
| തൻവർഷം നിക്ഷേപിച്ച തുക | 31146 (പലിശ) |
| ആകെ | 596023 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഷെയറുകൾ | 596023 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ/ഷെയറുകളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | എസ് ബി ഐ, ചക്കരക്കൽ ശാഖ അക്കൗണ്ട് നമ്പർ 38360783635/ 31.3.21 | 566023 | 31-03-2022 | |
| 2 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ രണ്ട് ബി ക്ലാസ് ഷെയറുകൾ- സർട്ടിഫിക്കറ്റ് നമ്പർ 185 തീയതി 27-09-2004 | 20000 | | ഷെയറുകൾ |

| | | | | |
|---|---|---|---|---|
| 3 | കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്, സർട്ടിഫിക്കറ്റ് നമ്പർ 50 തീയതി 06-08-2015 | 10000 | | ഷെയറുകൾ |
| | ആകെ | 596023 | | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2020-21 | 1-3-1-3 | 2019-20 | 1-25 | റർബൻ മിഷൻ ഫണ്ട്-ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതമാസം | പ്രവൃത്തി ആരംഭിച്ചുവെങ്കിലും നിലവിലും പൂർത്തീകരിച്ചിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 84002385 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 82049378 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 701012 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം – ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19-1 | 132300 | ലക്ഷ്മി ആർ നാഥ്, കൃഷി ഓഫീസർ |
| 1-19-2 | 140000 | ലക്ഷ്മി ആർ നാഥ്, കൃഷി ഓഫീസർ |
| 1-19-3 | 19040 | ലക്ഷ്മി ആർ നാഥ്, കൃഷി ഓഫീസർ |
| 1-19-4 | 308000 | ലക്ഷ്മി ആർ നാഥ്, കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-19-5 | 5372 | ലക്ഷ്മി ആർ നാഥ്, കൃഷി ഓഫീസർ |
| 1-25 | 96300 | വാസന്തി.പി.എം,ഹെഡ് മാസ്റ്റർ |
| ആകെ | 701012 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-6-1, 1-13 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലക്ഷ്മി ആർ നാഥ്,കൃഷി ഓഫീസർ | ലക്ഷ്മി ആർ നാഥ്, കൃഷി ഓഫീസർ, കോക്കനട്ട് നഴ്സറി, വലിയതുറ, വള്ളക്കടവ്(പി.ഒ), തിരുവനന്തപുരം. | ഫ്ലാറ്റ് നമ്പർ-11 D, എസ് എഫ് എസ് സ്റ്റാൻഫോർഡ്, കുറവൻകോണം, മരുതൂർ റോഡ്, മുക്കോലക്കൽ (പി.ഒ), തിരുവനന്തപുരം-43 |
| വാസന്തി.പി.എം,ഹെഡ് മാസ്റ്റർ | വിരമിച്ചു. | നന്മ,വേങ്ങാട് (പി.ഒ),അഞ്ചരക്കണ്ടി,കണ്ണൂർ ജില്ല. |

(എഫ്) ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകകളുടെ വിവരം .

| എൻക്വയറി നമ്പർ | വിഷയം | അടവാക്കിയ തുക | രസീത് നം.തീയതി,അടവാക്കിയ വ്യക്തിയുടെ പേര് |
|---|---|---|---|
| 01/2020-21തീയതി 04-06-2022 | പൂവത്തുംതറ വാട്ടർ ടാങ്ക്-ചാലിൽ പറമ്പ് റോഡ് ടാറിംഗ്-കരാറുകാരന് | 2000 | 1220101026/G130605തീയതി 06-06-2022 |

| | | | |
|---|---|---|---|
| | 2000/- രൂപ അധികം നൽകി | | |
| 3/2020-21തീയതി 04-06-2022 | കണയന്നൂർ അംങ്കണവാടി റോഡ് ടാറിംഗ്- കരാറുകാരന് 1904/- രൂപ അധികം നൽകി | 1904 | 1220101025/G130605തീയതി 06-06-2022 |
| ആകെ | | 3904 | |

മേൽ പട്ടിക പ്രകാരം കരാറുകാർ തിരിച്ചടച്ച 3904/-രൂപ വികസനഫണ്ടിലേയ്ക്ക് ROP ആയി തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി6-725/19 തീയതി 11.06.19 | 1 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി6-725/19 തീയതി 11.06.19 | 5 |
| 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി6-725/19 തീയതി 11.06.19 | 9 |
| 2011-12,12-13 | കെ.എസ്.എ/കെ.എൻ.ആർ/സി6-725/19 തീയതി 11.06.19 | 10 |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ/സി6-725/19 തീയതി 11.06.19 | 3 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി6-956 /16തീയതി 01-12-2016 | 14 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി6-979/16 തീയതി 03.07.2017 | 11 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി6-1907/18 തീയതി 20-12-2018 | 15 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി6-1566/19 തീയതി 01.11.2019 | 8 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി6-63 /2022തീയതി 18-03-2022 | 13 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1

# RECEIPT & PAYMENT REPORT

| CHEMPILODE GRAMA PANCHAYAT | | | |
|---|---|---|---|
| RECEIPT & PAYMENT REPORT FOR THE PERIOD FROM 01-04-2020 TO 31-03-2021 | | | |
| CODE | HEAD ACCOUNT | SCHEDULE NO | CURRENT YEAR AMOUNT |
| Opening Balance | | | |
| 450000000 | Cash and Bank balances | RP-40(a) | 4,18,22,544.95 |
| Receipts | | | |
| 110000000 | Tax Revenue | RP-1 | 38,62,380.00 |
| 140000000 | Fees & User Charges | RP-4 | 12,50,587.00 |
| 150000000 | Fees & User Charges | RP-5 | 1,72,622.00 |
| 160000000 | Revenue Grants Funds And Contributions & Compensations | RP-7 | 5,96,51,767.00 |
| 171000000 | Intrest Earned | RP-9 | 14,42,698.00 |
| 190000000 | Prior period Income | RP-11 | 81,356.00 |
| 210000000 | Establishment Expenses | RP-12 | 24,444.00 |
| 290000000 | Prior Period Items | RP-25 | 0.00 |
| 311000000 | Earmarked Funds | RP-28 | 8,441.00 |
| 320000000 | Grants Funds And Contributions Specific purposes | RP-30 | 6737629.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 86,19,870.00 |
| 460000000 | Loans Advances & Deposits | RP-49 | 84,000.00 |
| Non-Operating | | | |
| 180000000 | Other Income | RP-10 | 52,001.00 |
| 340000000 | Deposit Received | RP-33 | 4,21,918.00 |
| 350000000 | Other Liabilities | RP-35 | 15,92,672.00 |

| | | | |
|---|---|---|---|
| | Total | | 12,58,24,929.95 |
| Payments | | | |
| Operating | | | |
| 190000000 | Prior Period Income | RP-11 | (-)10,99,750.00 |
| 210000000 | Establishment Expenses | RP-12 | 17,47,035.00 |
| 220000000 | Administrative Expenses | RP-13 | 5,93,994.00 |
| 230000000 | Operations & Maintenance | RP-14 | 9,09,451.00 |
| 240000000 | Intrest & Finance Charges | RP-15 | 121.00 |
| 250000000 | Annual Plan Revenue Expenses (Productive Sector) | RP-16 | 84,90,973.00 |
| 251000000 | Annual Plan Revenue Expenses (Service Sector) | RP-17 | 1,29,42,955.00 |
| 252000000 | Annual Plan Revenue Expenses (Infrastructure Sector) | RP-18 | 82,13,317.00 |
| 254000000 | State Sponsored Schemes | RP-19 | 1,57,440.00 |
| 260000000 | Grants, Contributions and compenstions from Own Fund | RP-21 | 10,00,000.00 |
| 290000000 | Prior Period Items | RP-25 | 81,015.00 |
| 320000000 | Grants,Funds & Contributions for Specific Purpose | RP-30 | 4,32,384.00 |
| 412000000 | Capital Work in progress | RP-39 | 57,96,303.00 |
| 414000000 | Annual Plan – Capital Expenses (Service Sector) | RP-41 | 1,35,725.00 |
| 415000000 | Annual Plan – Capital Expenses (Infrastructure Sector) | RP-42 | 1,04,01,804.00 |
| 460000000 | Loans Advances and Deposits | RP-49 | 5,27,653.00 |
| Non-Operating | | | |
| 340000000 | Deposit Received | RP-33 | 45,423.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-35 | 3,16,73,535.00 |
| Closing Balances | | | |
| 450000000 | Cash & Bank Balances | RP-40(b) | 4,37,75,551.95 |
| | Total | | 12,58,24,929.95 |

2

## INCOME & EXPENDITURE STATEMENT

| CHEMPILODE GRAMA PANCHAYAT | | | |
|---|---|---|---|
| INCOME & EXPENDITURE STATEMENT FOR THE PERIOD FROM 01-04-2020 TO 31-03-2021 | | | |
| CODE | DESCRIPTION OF ITEMS | SCHEDULE NO | CURRENT YEAR AMOUNT |
| 110000000 | Tax Revenue | I-1 | 1,08,33,682.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchyat Properties | I-3 | 13,19,817.00 |
| 140000000 | Fees & User Charges | I-4 | 24,64,088.00 |
| 150000000 | Sales and Hire Charges | I-5 | 1,73,372.00 |
| 160000000 | Revenue Grants, Contributions & Compensations | I-6 | 16,37,11,141.00 |
| 170000000 | Income from Investment | I-7 | 31,146.00 |
| 171000000 | Interest Earned | I-8 | 14,42,698.00 |
| 180000000 | Other Income | I-9 | 52,001.00 |
| A | Total Income | | 18,00,27,945.00 |
| 210000000 | Establishment Expenses | I-10 | 1,13,56,937.00 |
| 220000000 | Administrative Expenses | 1-11 | 13,79,444.00 |
| 230000000 | Operation & Maintenance | I-12 | 21,87,250.00 |
| 240000000 | Intrest & Finance Charges | I-13 | 717.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme (Productive Sector) | I-14 | 84,46,994.00 |
| 251000000 | Decentralised Plan Programme (Service Sector) | I-14(A) | 2,55,22,896.00 |
| 252000000 | Decentralised Plan Programme (Infrastructure Sector) | I-14(B) | 89,11,262.00 |
| 253000000 | Decentralised Plan Programme (Projects not included in Sector Division) | I-14(C) | 1,67,71,660.00 |
| 254000000 | Expenditure of Transferred Institutions and State Sponcerd Schemes | I-14(D) | 7,67,26,140.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants & Funds- Revenue Expenses | I-14(F) | 3,71,655.00 |
| 260000000 | Grants Contributions & Compensations from Own Fund | I-15 | 10,00,000.00 |
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Asset & Investments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 0.00 |
| 190000000 | Prior Period Income | I-19 | 11,82,372.00 |
| B | Total Expenditure | | 152674955.00 |
| C+A-B | Gross Surplus/(Deficit) of Income over expenditure before prior period incomes | | 27353990.00 |
| 190000000 | Prior Period Income | I-19 | 11,82,372.00 |
| 290000000 | Transfer to Reserve Funds | | |
| | Net Balance being surplus /Deficit carried over to Balance sheet Panchayat Fund | | |

| | | | |
|---|---|---|---|
| | | | |

3

## BALANCE SHEET

| CHEMPILODE GRAMA PANCHAYAT | | | |
|---|---|---|---|
| BALANCE SHEET AS ON 31-03-2021 | | | |
| CODE NO | DESCRIPTION OF ITEMS | SCHEDULE NO | CURRENT YEAR AMOUNT |
| 310000000 | Panchayat (General) Fund | B-1 | 9,66,42,959.10 |
| 311000000 | Earmarked Fund | B-2 | 75,453.00 |
| 312000000 | Reserves | B-3 | 6,38,06,555.00 |
| 320000000 | Grants Funds And Contributions for secifice purposes | B-4 | 36,35,148.00 |
| 330000000 | Secured Loans | B-5 | 0.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposit Received | B-7 | 34,62,010.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 41,62,375.85 |
| 360000000 | Provisions | B-10 | 0.00 |
| | Total | | 17,17,84,500.95 |
| 410000000 | Fixed Assets | B-11 | 13771807.00 |
| 342000000 | Capital work in progress | B-11(b) | 282972.00 |
| 413000000 | Annual plan- Capital Expenses (Productive sector) | B-11(c) | 60,000.00 |
| 414000000 | Annual plan- Capital Expenses Service sector) | B-11(d) | 37,38,346.00 |
| 415000000 | Annual plan- Capital Expenses (Infrastructure sector) | B-11(e) | 11,58,85,710.00 |
| 416000000 | Accumulated Depreciation | B-11(a) | (-)5,24,47,850.00 |

| | | | |
|---|---|---|---|
| 420000000 | Investment General Fund | B-12 | 5,96,023.00 |
| 421000000 | Sundry Debtors | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 80,06,071.00 |
| 432000000 | Accumulated provision against bad and doubtful receivables | B-15(a) | 0.00 |
| 440000000 | Pre-paid expenses | B-16 | 0.00 |
| 450000000 | Cash and Bank balances | B-17 | 4,37,75,551.95 |
| 460000000 | Loans and Advances and deposits | B-18 | 3,81,15,870.00 |
| 461000000 | Accumulated provisions against Loans and Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be return off | B-20 | 0.00 |
| | | | 17,17,84,500.95 |

ഡെപ്യൂട്ടി ഡയരക്ടർ